378

# ഗോല്ക്കൊണ്ടയിൽ-
# ഒരു
# വേദനയുടെ
# കഥ



A

സരോജിനിതങ്കം

3862
3181

# ഗോല്ക്കൊണ്ടയിൽ —

## —ഒരു വേദനയുടെ കഥ

3802
3181

# ഗോല്കൊണ്ടയിൽ—

## —ഒരു വേദനയുടെ കഥ

(നോവൽ)

സരോജിനിത്തങ്കം

[library stamp]

പ്രസാധകർ:
കറൻറ് ബുക്കസ്, തൃശ്ശൂർ.
വില: 1—25

GOLKKONDAYIL - ORU VEDANAYUDE KADHA
(Noval)
First Impression October 1966
Copies 1000
Price Rs. 1—25.
by
SAROJANI THANKAM
Cover: Sankarankutty
Blocks: Sankar Blocks
Cover Printing: Guruvilasam Press.
Rights Reserved.
Printed at: Prabhath Printers, Trichur
Publishers: Current Books, Trichur

# ഗോല്ക്കൊണ്ടയിൽ

(ഒരു വേദനയുടെ കഥ)

"നാം തമ്മിൽ മുമ്പെവിടെയോ വെച്ച് കണ്ടിട്ടുണ്ട്, അല്ലേ?" പുഞ്ചിരിയോടുകൂടി അടുത്തുവന്ന് ആ യുവാവ് എന്നോടു ചോദിച്ചു.

"കണ്ടിരിക്കാം," ഉദാസീനമായി ഞാൻ മറുപടി പറഞ്ഞു. "എന്നാൽ, നാം തമ്മിൽ പരിചയപ്പെട്ടിട്ടുണ്ടെന്ന് തോന്നുന്നില്ല."

തുടന്നു സംഭാഷിക്കാൻ അയാളെ പ്രോത്സാഹിപ്പിക്കരുതെന്ന് എനിക്കുണ്ടായിരുന്നു. ഹൈദ്രബാദ് സ്റ്റേഷനിൽ മൂന്നാംക്ലാസ് വെയിററിങ്ങ് റൂമിലെ ഒരു കോൺക്രീററു ബെഞ്ചിൻെറ അററത്ത് സിഗരററിൻെറ പുകയിൽ മയങ്ങിയിരുന്ന അയാളുടെ അടുക്കൽകൂടി ഞാൻ കടന്നുപോയപ്പോഴെല്ലാം അയാറം എന്നെ കൗതുകത്തോടെ തുറിച്ചു നോക്കി. അപ്പോഴേ ഞാൻ വിചാരിച്ചതാണ് അയാറം എന്നോടു സംഭാഷിക്കാൻ തക്കം നോക്കുന്നുണ്ടെന്ന്. ആ ബെഞ്ചിൻെറ അററം ഒഴിഞ്ഞുകിടക്കയാണെന്നു വിചാരിച്ചു, അവിടെ ഇരിക്കാൻ അങ്ങോട്ടു ചെന്നപ്പോഴാണ് അവിടെ അയാറം ചടഞ്ഞുകൂടിയിരിക്കുന്നതു ഞാൻ ആദ്യം കണ്ടതു്. അയാറം തലയുയത്തിനോക്കി. ഞങ്ങളുടെ നോട്ടം തമ്മിൽ ഇടഞ്ഞു. അയാറംക്കൊരു മലയാളിയുടെ മുഖ

ച്ഛായയുണ്ടെന്നു് എനിക്കു തോന്നി. തികച്ചും ഒരു മണിക്കൂർ കഴിഞ്ഞേ മദ്രാസ് എക്സ്പ്രസ്സിനു ടിക്കററു കൊടുക്കുന്ന കൗണ്ടർ തുറക്കൂ. അതിനാൽ ഞാൻ വെയിററിങ്ങ് റൂമിൽ അങ്ങോട്ടുമിങ്ങോട്ടും ലാത്തിക്കൊണ്ടിരുന്നു. ഞാൻ അയാളെ കടന്നു പോയപ്പോഴൊക്കെയും ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഇടഞ്ഞു. ഇനിയും അതിന്നിടയാവരുതെന്നു് മനഃപൂർവ്വം ശ്രമിച്ചെങ്കിലും അടുത്തകുറിയും ഞങ്ങൾ പരസ്പരം നോക്കി. ഞാൻ പെട്ടെന്നു് തിരിഞ്ഞു നടന്നപ്പോഴാണു് അയാൾ എഴുന്നേററു അടുത്തുവന്നു് ചോദിച്ചതു്: "നാം തമ്മിൽ മുമ്പെവിടെയോ വച്ചു് കണ്ടിട്ടുണ്ടു്, അല്ലേ?"

എൻെറ ഔദാസീന്യംകൊണ്ടു് അയാൾ നിരുത്സാഹനായി മൗനം അവലംബിച്ചു. അതുകണ്ടു് എനിക്കല്പം സഹതാപം തോന്നിയോ, എന്തോ? ഞാൻ ചോദിച്ചു: "നിങ്ങൾ എവിടേക്കാണു്?"

"എനിക്കു്-ങ്ങ്-ബസ്പാഡ്യയ്ക്കാണു് പോകേണ്ടതു്. പക്ഷെ........"

"പക്ഷെ...."

"പോകുന്ന കാര്യം ഇനിയും തീരുമാനമായിട്ടില്ല."

എനിക്കു് കാര്യം മനസ്സിലാകുന്നുണ്ടെന്നു് തോന്നി: ബെസ്പാഡയ്ക്കു പോകാൻ ടിക്കറെറടുക്കണം; പക്ഷെ, പണമില്ല. അല്ലെങ്കിൽ പണം തികയുന്നില്ല: അതിനാൽ ചെറുതായെങ്കിലും താങ്കൾ ഒന്നു സഹാ

യിക്കണം. ഇതായിരിക്കാം അയാളുടെ അടവ്. ഏതായാലും പണം ചോദിക്കുമെന്നു് തീച്ച്. ചോദിച്ചുകൊള്ളട്ടെ. ഞാൻ അയാളുടെ അടവിൽ കുടുങ്ങാൻ പോകുന്നില്ല. ഇങ്ങനെ എത്ര ഞാൻ കണ്ടിരിക്കുന്നു. പണം തരാനില്ലെന്നു് തീർത്തുപറയും; അത്രതന്നേ. ഞങ്ങളുടെ സംഭാഷണത്തിന്നു് പൂർണ്ണവിരാമമിട്ടിരിക്കുന്നു എന്ന മട്ടിൽ ഞാൻ അയാളുടെ നേർക്കുനിന്നു് തിരിഞ്ഞു്, അവിടെ പ്രദർശിപ്പിച്ചിരുന്ന ഒരു പരസ്യത്തിൽ നോട്ടം ഉറപ്പിച്ചു. കുറെനേരത്തെ മൗനത്തിന്നുശേഷം അയാരം ചോദിച്ചു:

"നിങ്ങരം എവിടേക്കാണു്?"

മറുപടി പറയണോ എന്നു് ഞാൻ സംശയിച്ചു. ജിജ്ഞാസ തുളുമ്പിനിന്ന അയാളുടെ കണ്ണുകളിലേക്കു് ഞാൻ നോക്കിപ്പോയി. എൻെറ ഹൃദയത്തിൻെറ അനുകമ്പാതന്ത്രികരം ചലിപ്പിക്കാൻ പോരുന്ന ഏതോ ദയനീയത ആ മങ്ങിയ കണ്ണുകളിൽ കുടികൊള്ളുന്നതായി തോന്നി. ഞാൻ പോകുന്നതെവിടേക്കെന്നു് അയാളോടു പറഞ്ഞാൽ എന്തപകടമാണുണ്ടാവുക? കൈവിട്ടുപോയ സംഭാഷണച്ചരടിൻെറ തുമ്പിൽ അയാരംക്കു് പിടികിട്ടുമായിരിക്കും; അത്രയല്ലേയുള്ളു.

"ഞാൻ മദിരാശിക്കു പോകയാണു്. പക്ഷേ, ഇന്നത്തെ വണ്ടിക്കല്ല; നാളത്തേതിന്നു്." —ഞാൻ അറിയിച്ചു.

"നിങ്ങൾ മദിരാശിയിലാണു് താമസം?"

"അതേ."

"അപ്പോൾ നാം അവിടെവെച്ചു കണ്ടിരിക്കുമോ? ഞാൻ കുറേക്കാലം മുമ്പു് മദിരാശിയിലായിരുന്നു—സെന്തോമസ്സ്മൗണ്ടിൽ."

."ഓഹോ. എന്നാൽ വല്ലയിടത്തും വച്ചു് നാം കണ്ടിരിക്കാം. എന്നാൽ എനിക്കു് നിങ്ങളെ യാതൊരു പരിചയവുമില്ലെന്നു് തീർച്ചയാണു്."

ഞങ്ങൾ വീണ്ടും മൗനത്തിൽ മുഴുകി. എനിക്കു് വിയർക്കുന്നുണ്ടായിരുന്നു. കറങ്ങിക്കൊണ്ടിരുന്ന ഒരു ഫാനിന്റെ കീഴിലേക്കു് ഞാൻ നീങ്ങിനിന്നു. അയാൾ അതേനിലയിൽ നിന്നുകൊണ്ടു് കണ്ണുകൾ ഉയർത്തി, അതിവേഗം ചുററിക്കൊണ്ടിരുന്ന ഫാനിന്റെ ഇലകളിൽ നോട്ടമുറപ്പിച്ചുനിന്നു. അതു വല്ലാത്ത ഒരു നിലയായിരുന്നു. ഭൂമിയിൽ കാലൂന്നി നില്ക്കുന്ന ഒരു ആത്മാവു് അവശതയിലേക്കെത്തിനോക്കുന്നതിന്റെ പ്രതീതി ജനിപ്പിക്കുന്ന ഒരു നിലപാടു്. ഞാൻ ആ തക്കത്തിൽ അയാളെ അടിമുടി നിരീക്ഷിച്ചു. മുഷിഞ്ഞ പാൻറും ഷർട്ടുമാണു് അയാൾ ധരിച്ചിരിക്കുന്നതു് അററകുററപ്പണികൾ ധാരാളം നടത്തിയിട്ടുള്ള ഒരു ജോടി പഞ്ചാബി ചെപ്പലും. മുന്നോട്ടു തെല്ലൊന്നു വളഞ്ഞു് അധികമുയരമില്ലാത്ത ശരീരം. വയസ്സു മുപ്പത്തിയഞ്ചെങ്കിലും വരും. ചുരുണ്ടിടതൂർന്ന മുടിയിൽ നരകയറിയിട്ടില്ല. ആകെക്കൂടി നോക്കിയാൽ ഒരു തടിമാടൻ

തന്നെ. ശരിക്ക് ആഹാരം കഴിക്കയോ ഉറങ്ങുകയോ ചെയ്തിട്ട് ഏതാനും നാളുകളായെന്ന് വിളിച്ചറിയിക്കുന്ന ക്ഷീണിച്ച മുഖഭാവവും നിർജ്ജീവങ്ങളായ കണ്ണുകളും കണ്ടാൽ നമുക്ക് വെറുപ്പല്ല, അനുകമ്പയും ആർദ്രതയുമാണ് തോന്നുക. അയാളുടെ മുഖം ഞാൻ സൂക്ഷിച്ചു നോക്കി. അയാളൊരു മലയാളിയാണോ എന്ന സംശയം അപ്പോഴും എനിക്കുണ്ടായി.

"നിങ്ങൾ മലയാളിയാണോ?" ഞാൻ ചോദിച്ചു.

ഉടനടി മറുപടിയുണ്ടായില്ല. അപാരതയിലേക്ക് നോട്ടം ഉറപ്പിച്ചുകൊണ്ടുള്ള ആ നില അയാൾ തുടർന്നുതെയുള്ളു. ഞാൻ ചോദ്യം ആവർത്തിച്ചപ്പോൾ, ഉറക്കമുണർന്നു വരുന്നവനെപ്പോലെ എന്റെ നേർക്കുതിരിഞ്ഞ് "അല്ല" എന്ന് അയാൾ മറുപടി പറഞ്ഞു.

"നിങ്ങൾ മലയാളിയാണല്ലേ?" ഏതാനും നിമിഷങ്ങൾ കഴിഞ്ഞ് അയാൾ ചോദിച്ചു.

"അതേ."

പിന്നെയും ഏതാനും നിമിഷങ്ങൾ കഴിഞ്ഞ് അയാൾ തുടർന്നു:

"ഞാൻ മലയാളിയാണെന്ന് ഇതിനുമുമ്പും ചിലർ സംശയിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് നിങ്ങൾ എന്നെ മലയാളിയെന്ന് സംശയിച്ചത്?"

"നിങ്ങൾക്ക് മലയാളിയുടെ മുഖച്ഛായയുണ്ട്."

"മലയാളികൾക്ക് പ്രത്യേകമായ മുഖച്ഛായയു ണ്ടോ? എനിക്കതു തിരിച്ചറിയാൻ കഴിയുന്നില്ലല്ലോ. ഞാൻ തെലുങ്കനാണ്. വേഷംകൊണ്ടോ ഭാഷകൊണ്ടോ അല്ലാതെ മുഖച്ഛായകൊണ്ടു മാത്രം തെലുങ്കനെ മലയാ ളിയിൽനിന്നു് വേർതിരിച്ചറിയുക എനിക്കു് സാധ്യ മല്ല."

ആ വെയിററിങ്ങ് റൂമിൽ വിശ്രമിച്ചുകൊണ്ടി രുന്ന ആൾക്കൂട്ടത്തിലേക്കു് അയാൾ കണ്ണുകൾ അയച്ചു. യാതൊരു ഭാഷക്കാരേയും തിരിച്ചറിയുവാൻ കഴിയു ന്നില്ലല്ലോ എന്നു് അയാൾ നിരാശപ്പെടുകയാണെന്നു് തോന്നി.

നല്ല ചൂടുണ്ടായിരുന്നു. എന്റെ തൊണ്ട വരണ്ടു. ഒരു കപ്പ് ചായ കുടിച്ചാൽ തരക്കേടില്ല. അടുത്തുതന്നേ ലഘുഭക്ഷണങ്ങൾ വില്ക്കുന്ന കൗണ്ടറുണ്ടു്. അങ്ങോട്ടു നീങ്ങി ഒരു ചായ വാങ്ങിക്കഴിക്കണമെന്നു് ഞാൻ വിചാരിച്ചു. പക്ഷേ, അയാളെ ക്ഷണിക്കാതെ പോകു ന്നതു് മര്യാദകേടുപോലെ തോന്നി. അയാളുടെ പിടി യിൽനിന്നു് ഒഴിഞ്ഞു പോകാൻ നിശ്ചയിച്ച ഞാൻ അയാളെ ചായ കുടിക്കാൻ ക്ഷണിക്കയാണു് ചെയ്തതു്.

"വരൂ, നമുക്കോരോ ചായ കഴിക്കാം."

എന്റെ ക്ഷണം അയാൾ കേട്ടില്ല. രണ്ടു തവണ ആവർത്തിച്ചശേഷമാണു് ആ ക്ഷണം അയാളുടെ കാ തിൽ പതിഞ്ഞതു്.

"ചായ ഒന്നുരണ്ടു ഞാൻ കുടിച്ചുകഴിഞ്ഞു. എങ്കിലും ഒന്നുകൂടി കഴിക്കാൻ വിരോധമില്ല."

അയാഠം എന്നെ അനുഗമിച്ചു. ഞാൻ രണ്ടു ചായ ഓർഡർ ചെയ്തു, ഒന്നു് എടുത്തു് അയാഠംക്കു് നീട്ടിക്കൊടുത്തു. അയാഠം അതു വാങ്ങി ഇററിററായി മൊത്തിക്കുടിച്ചു.

ഇതിനിടയ്ക്കു് വെയിററിങ്ങ് റൂമിൽ ഇരുന്ന രണ്ടു പേർ തമ്മിൽ എന്തോ കാരണത്താലുണ്ടായ വാക്സമരം കയ്യേററത്തിൻെറ വക്കിലേക്കു് നീങ്ങുകയായിരുന്നു. കുറേ ആളുകഠം അവക്കു ചുററും കൂടിക്കഴിഞ്ഞു. കപ്പിൻെറ വക്കിൽനിന്നു് ചുണ്ടുയത്തി അയാഠം ബഹളം നടക്കുന്ന ദിക്കിലേക്കു നോക്കി. അയാളുടെ മുഖത്തു് പുഞ്ചിരി പരക്കുന്നതു് ഞാൻ കണ്ടു.

"എത്ര പെട്ടെന്നു് മനുഷ്യർ തമ്മിൽ പിണങ്ങുന്നു! അല്പം മുമ്പു് അവർ ഉററ മിത്രങ്ങളെപ്പോലെ കളിച്ചു ചിരിക്കുന്നതു കണ്ടു. നിസ്സാരമായ കാരണമെന്തെങ്കിലും മതി, മനുഷ്യർ തമ്മിൽ കഴുത്തിനുചാടി വീഴാൻ. അച്ഛനും മകനും ഭാര്യയും ഭത്താവും സഹോദരനും സഹോദരിയും തമ്മിലായാലും ശരി, എത്ര നിസ്സാര കാര്യത്തിൻെറ പേരിലും ശണ്ഠയുണ്ടാവും. ഇത്തരം രംഗങ്ങഠം എത്രയെത്രയാണു് കഴിഞ്ഞ മൂന്നു ദിവസമായി ഞാൻ ഈ സ്റ്റേഷൻ പരിസരത്തിൽ കാണുന്നു. എന്തുകൊണ്ടു് മനുഷ്യക്കു പരസ്പരം ഇണങ്ങിക്കഴിയാൻ സാധിക്കുന്നില്ല? എന്തുകൊണ്ടു്?"

അയാൾ ഇങ്ങനെ തന്നോടുതന്നെ സംസാരിച്ചു കൊണ്ടിരിക്കുന്നതിന്നിടയ്ക്കു പാശ്ചാത്യരീതിയിൽ വെടിപ്പും മോടിയുമായി വസ്ത്രധാരണം ചെയ്ത ഒരു ചെറുപ്പക്കാരൻ ചായകുടിക്കാൻ വന്നു. സുന്ദരനും ചുണയനുമായ അയാൾ എന്നെ ഒന്നു സൂക്ഷിച്ചുനോക്കി. ചായ വാങ്ങിക്കുടിക്കുന്നതിന്നിടയ്ക്കു് അയാൾ മലയാളത്തിൽ പറഞ്ഞു: "ഛെ! എന്തൊരു ചായ? കഷായം കുടിക്കും പോലെയുണ്ടു്." ഞാൻ മലയാളിയാണെന്നു് അയാൾ ഊഹിച്ചുവെന്നും താനുമൊരു മലയാളിയാണെന്നും, അങ്ങനെ, അയാൾ എന്നെ ധരിപ്പിച്ചു. ചായ അത്ര മോശമാണെന്നു് എനിക്കു തോന്നിയില്ല; എങ്കിലും ഞാൻ അയാളുടെ അഭിപ്രായം ശരിവച്ചു. ഞങ്ങൾ പലതും പരസ്പരം സംസാരിച്ചു. അയാൾ ലിപ്ടൺ കമ്പനിയുടെ പ്രതിനിധിയാണു്; അയാൾക്കു് അന്നത്തെ വണ്ടിക്കു് നാഗ്പൂരിലേക്കു് പോകണം; നാഗ്പൂരാണു് അയാളുടെ ഹെഡ്ക്വാർട്ടേഴ്സ്. ഒരു ബിസിനസ് പര്യടനം കഴിഞ്ഞു് അയാൾ ആഫീസ്സിലേക്കു മടങ്ങുകയാണു്. എന്നിങ്ങനെ പലതും അയാൾ എന്നോടു പറഞ്ഞു. ഇതിനിടയ്ക്കു് മദ്രാസ് എക്സ്പ്രസ്സിന്നു് ടിക്കററു കൊടുക്കുന്ന രണ്ടാം നമ്പർ കൗണ്ടറിന്റെ മുമ്പിൽ ഒരു ക്യൂ രൂപം പ്രാപിച്ചു വരുന്നതു് എന്റെ ശ്രദ്ധയിൽ പെട്ടു. ക്യൂവിൽ കഴിയുന്നതും മുമ്പിൽ സ്ഥാനം പിടിക്കാതിരുന്നാൽ ടിക്കററു കിട്ടാൻ താമസിക്കും; എന്റെ അന്നത്തെ ഗോല്ക്കൊണ്ട സന്ദർശനപരിപാടി തകരും. നാളത്തെ മദ്രാസ് എക്സ്പ്രസ്സിൽ

സീററ റിസേർവ് ചെയ്തിട്ടുവേണം എനിക്ക് ഗോല്ലോ ണ്ടയ്ക്ക് പുറപ്പെടാൻ. അതിനാൽ എന്റെ പുതിയ പരിചയക്കാരനോടു വിടവാങ്ങാൻ ഞാൻ വെമ്പൽ കൊണ്ടു. അപ്പോൾ അയാൾ പറഞ്ഞു: "ഒരു നിമി ഷം." പിന്നീടു സ്വരം അല്പം താഴ്ത്തിച്ചോദിച്ചു:

"ഈ മനുഷ്യൻ ആരാണ്? മലയാളിയോ?"

"അല്ല; തെലുങ്കൻ."

"നിങ്ങളുടെ പരിചിതനാണോ?"

"അല്ല."

"പിന്നെന്താണ് അയാൾ കൂടെക്കൂടിയിരിക്ക ന്നതു്?"

"എന്തോ? അറിയില്ല. വലിയ വേദാന്തിയുടെ മട്ടിൽ എന്തൊക്കെയോ പറയുന്നു."

"ഏതായാലും ഇത്തരക്കാരെ സൂക്ഷിക്കണേ. വേ ദാന്തവും പറഞ്ഞുകൊണ്ടു് അടുത്തുകൂടും. നമ്മുടെ കയ്യി ലുള്ളതു് തട്ടിക്കൊണ്ടു കടന്നുകളയും. കള്ളക്കൂട്ടങ്ങ ളാണ്. നിങ്ങൾക്കറിയാമല്ലോ. ഞാൻ ഓർപ്പിച്ചെ ന്നേയുള്ളൂ. എന്നാൽ വരട്ടെ. ഞാൻ ഫസ്റ്റ്ക്ലാസ്സി ലാണ്. അങ്ങോട്ടു ചെല്ലട്ടെ. നമസ്തേ."

അയാൾ യാത്ര പറഞ്ഞു പിരിഞ്ഞു. ഒരു മലയാ ളിക്ക് അല്പം സഹായം ചെയ്യാൻ കിട്ടിയ തക്കം തന്റേ പാഴാക്കിയില്ല എന്ന ചാരിതാർത്ഥ്യത്തോടുകൂടിയായിരി ക്കാം അയാൾ പോയതു്. എന്നെ ഉപദേശിക്കാൻ

അയാറം മുതിന്നതു് എനിക്കത്ര പിടിച്ചില്ല. മററുള്ള വരെ ഉപദേശിക്കാൻ ഈ വെറുപ്പക്കാർ പലപ്പോഴും വെമ്പൽ കാട്ടാറുണ്ടു്. പക്ഷേ, അയാറം പറഞ്ഞതു വാസ്തവമല്ലേ? ഇങ്ങനെയുള്ള യാത്രകളിൽ ഇത്തരം അപരിചിതന്മാരുമായി അകന്നു നില്ക്കുന്നതുതന്നെയാണു് ബുദ്ധി. ആ പരമാൎത്ഥം അയാറം പറഞ്ഞു എന്നല്ലേയുള്ളു. അതിനാൽ എനിക്കു തോന്നിയ പരിഭവം അസ്ഥാനത്താണെന്നു് ഞാൻ സ്വയം പറഞ്ഞു. ഞാൻ നേരെനടന്നു് ക്യൂവിൽ സ്ഥലം പിടിച്ചു.

അപ്പോഴേക്കും പത്തിരുപതു പേർ എനിക്കു മുമ്പിൽ ക്യൂനിന്നു കഴിഞ്ഞിരുന്നു. ക്യൂവിൽ നില്ക്കുമ്പോഴും എൻെറ മനസ്സിനെ ആ മലയാളിയുവാവിൻെറ ഉപദേശം അലട്ടിക്കൊണ്ടിരുന്നു. എത്ര ആട്ടിയോടിച്ചാലും മധുരപ്പലഹാരത്തിന്മേൽനിന്നു് ഒഴിയാതെ നില്ക്കുന്ന ഈച്ചകളെപ്പോലെ ആ ചിന്ത എനിക്കു് ഒരു ഒഴിയാബാധയായി. കാഴ്ചയ്ക്കു് ദയനീയനായ ആ യുവാവു് ഒരു തട്ടിപ്പുകാരനാണോ? ആകാൻ പാടില്ലായ്കയൊന്നുമില്ല. എന്നാലും, എത്ര മുൻവിധിയോടും അവിശ്വാസത്തോടും കൂടിയാണു് നാം മനുഷ്യത്വം വീക്ഷിക്കുന്നതു്. അവിശ്വാസത്തിൻെറയും മുൻവിധിയുടെയും ചൂണ്ടുവിരൽപോലെ ആ മലയാളിയുവാവിൻെറ രൂപം എൻെറ മനസ്സിൽ പൊന്തിനിന്നു. എന്നെക്കാറം വളരെ പ്രായം കുറഞ്ഞ അയാറം എന്നെക്കാറം ബുദ്ധിമാനും അനുഭവസമ്പന്നനുമാണത്രെ. ആയിരിക്കാം. എന്തെന്നാൽ, ഞാൻ ആ അപരിചിതനെ

വിശ്വസിക്കാനും അയാളോടു സഹതപിക്കാനും തയ്യാറാവുന്നതു കണ്ടിട്ടല്ലേ ആ യുവാവു് എനിക്കു് താക്കീതു നല്കിയതു്? അയാളുടെ അത്രയും ബുദ്ധിയും നോട്ടവും എനിക്കു് ഇല്ലാതെ പോയല്ലോ! എങ്കിലും........ എങ്കിലും മനുഷ്യത്വത്തെ അങ്ങനെയങ്ങു് അവിശ്വസിക്കാമോ? ആകട്ടെ ഒരു പരീക്ഷണം നടത്തിയാലോ? ആപൽക്കരമാണേ! ഒരു സാഹസികത്വത്തിനു് തയ്യാറാവുക. വരുന്നതെന്തെന്നു് അറിയാമല്ലോ.

ടിക്കററു വാങ്ങി ഞാൻ ക്യൂവിൽനിന്നു പുറത്തു വന്നപ്പോൾ മണി രണ്ടായായിരുന്നു. അപ്പോഴും ആ തെലുങ്കൻ പഴയസ്ഥാനത്തു തന്നേ നില്പുണ്ടായിരുന്നു. ചുമലിൽ തട്ടി അയാളെ ഉണർത്തിക്കൊണ്ടു് ഞാൻ പറഞ്ഞു: "പുറത്തേയ്ക്കൊന്നു വരുമോ? ഒരു കാര്യം ചോദിക്കട്ടെ." "വരാമല്ലോ" എന്നു പറഞ്ഞുകൊണ്ടു് അയാൾ എന്നെ അനുഗമിച്ചു. സ്റ്റേഷൻ നടയിലെത്തിയപ്പോൾ ഞാൻ പറഞ്ഞു:

"ഞാൻ ഇനി ഗോല്ക്കോണ്ട സന്ദർശിക്കാൻ പോകയാണു്. തനിയേ പോകാൻ രസം തോന്നുന്നില്ല. നിങ്ങൾ എന്റെ കൂടെ വരുമോ?"

"ഞാനോ?........" അയാൾ അല്പം സംശയിച്ചു നിന്നു. "എനിക്കു് മററു പണിയൊന്നുമില്ല. പക്ഷേ, ഞാനൊരു പ്രൊഫഷനൽ ഗൈഡ് അല്ല. ഞാൻ വരുന്നതു് നിങ്ങൾക്കു് വലിയ സഹായമൊന്നുമായിരിക്കില്ല."

"അതു സാരമില്ല. എനിക്കു് കൂട്ടിനു് ഒരാളെ മതി. പോരെങ്കിൽ നിങ്ങൾക്കും ഗോല്ലോണ്ട ഫോർട്ടു കാണാമല്ലോ."

"ഞാൻ ഇതിനുമുമ്പു് ഒരിക്കൽ കണ്ടതാണു്. എന്നു തന്നെയല്ല, ഒരു വിനോദയാത്രയ്ക്കു പണം മുടക്കാൻ തൽക്കാലം എനിക്കു സൗകര്യമില്ല."

"നിങ്ങൾ പണം മുടക്കേണ്ട. നിങ്ങളുടെ ചെലവുകൾ ഞാൻ വഹിച്ചുകൊള്ളാം."

അയാൾ കുറച്ചുനേരം മിണ്ടാതെ നിന്നു.

"എന്തു പറയുന്നു?"

"നിങ്ങളെക്കൊണ്ടു് എനിക്കുവേണ്ടി പണം മുടക്കിക്കണോ എന്നു് ഞാൻ ആലോചിക്കയായിരുന്നു."

ആ ചെലവു എനിക്കത്ര ഭാരമാകില്ലെന്നു് ഞാൻ ഉറപ്പു പറഞ്ഞപ്പോൾ "എന്നാലാവട്ടെ" എന്നു് പറഞ്ഞു് അയാൾ എന്നോടൊപ്പം പുറപ്പെട്ടു.

ഈയാളിൽനിന്നു് എന്തെങ്കിലും ആപത്തുണ്ടാവാമെന്നു് ശങ്കിച്ചതുതന്നേ പാപമാണെന്നു് ഞാൻ വിചാരിച്ചു. എന്നോടൊപ്പം നടന്നു വന്ന അയാൾ അത്രക്കു നിരുപദ്രവനായി എനിക്കു തോന്നി. പക്ഷേ, പെരുങ്കള്ളന്മാരുടെ തരം ഇങ്ങനെയൊക്കെയാണെന്നു് കേട്ടിട്ടുണ്ടു്. കാഴ്ചയ്ക്കു് ഏററവും നിരുപദ്രവനായി തോന്നുന്നവനാണു് കാര്യം വരുമ്പോൾ ഏററവും ആപൽക്കാരിയായി മാറുന്നതു്. അതിനാൽ സൂക്ഷിക്കണം.

എൻെറ പണം ഹോട്ടലിൽ വച്ചിട്ട് പോരേണ്ടതായി രുന്നു. മുറിയുടെ പൂട്ട് അത്ര ഭദ്രമല്ലെന്ന് തോന്നിയ തിനാൽ പണം കയ്യിലെടുത്തിട്ടുണ്ടായിരുന്നു. കയ്യി ലുള്ള പണത്തിൻെറ ഭദ്രത കൂടെക്കൂടെ പരിശോധിച്ചു റപ്പുവരുത്തുമെന്ന് ഞാൻ നിശ്ചയിച്ചു.

സിററി ബസ്സിൽ നയാപുരം എന്ന സ്ഥലത്തി റങ്ങി വേറെ ബസ്സു പിടിച്ചാണ് ഗോല്ലൊണ്ടയ്ക്കു പോ കേണ്ടതു്. ഞങ്ങൾ ബസ്സ്റ്റോപ്പിലെത്തി വണ്ടികാ ത്തു നില്പായി. എനിക്ക് തെലുങ്കു അറിയില്ല. ഓരോ വണ്ടി വരുമ്പോഴും അതു് നായാപുരം പോകുമോ എ ന്ന് അന്വേഷിക്കാൻ ഞാൻ എൻെറ സ്നേഹിതനെ പ്രേരിപ്പിക്കും. പക്ഷേ, അയാൾ നാണം കുണുങ്ങി നിന്നതല്ലാതെ, ആരോടുമൊന്നും ചോദിച്ചില്ല. അങ്ങ നെ രണ്ടുമൂന്നു വണ്ടികൾ കടന്നുപോയി. ഒടുവിൽ ഞാൻ തന്നേ, അടുത്തുനിന്ന ഒരാളോട് ഇംഗ്ലീഷിൽ ചോദിച്ചു മനസ്സിലാക്കി, എട്ടാംനമ്പർ വണ്ടിയിലാ ണ് പോകേണ്ടതെന്ന്. ഇയാൾ യാത്രയിൽ എനിക്ക് സഹായമാവില്ലെന്നു തന്നെയല്ല, ഭാരമായിത്തീരുക പോലും ചെയ്യുമോ എന്നായി എൻെറ ഭയം.

അഞ്ചുമിനുററുകൂടി കഴിഞ്ഞപ്പോൾ എട്ടാംനമ്പർ ബസ്സുവന്നു. "ഇതാ, വണ്ടിവന്നു; കേറിക്കോളൂ" എ ന്നു പറഞ്ഞു് ഞാൻ ആൾക്കൂട്ടത്തോടൊപ്പം വണ്ടിക്കു ള്ളിലേക്ക് വലിഞ്ഞു കയറി. കുറേമുമ്പിൽ ഒഴിഞ്ഞു കിടന്ന ഒരു സീററിൽ ഇരിപ്പു പിടിച്ച ശേഷം തിരി

ഞ്ഞു നോക്കുമ്പോൾ എൻെറ കൂട്ടുകാരനെ കാണ്മാനില്ല. ഞാൻ പുറത്തേക്കു് എത്തിനോക്കി; ആളുകൾ കയറിക്കൊണ്ടേയിരിക്കുന്നു; അയാളെ കാണുന്നില്ല. കണ്ടക്ടർ വിസിലടിച്ചു. വണ്ടിനീങ്ങി. അയാൾ കടന്നുകളഞ്ഞതായിരിക്കുമെന്നു് ഞാൻ വിചാരിച്ചു. എൻെറ പണത്തിൻെറ കാര്യം പെട്ടെന്നു് എനിക്കോർമ്മവന്നു. ഞാൻ പൻറിൻെറ പാക്കററിൽ തപ്പിനോക്കി. അതു് അവിടെ ഭദ്രമായിട്ടുണ്ടു്. അയാൾ അതുംകൊണ്ടു് കടന്നു കളഞ്ഞിട്ടില്ല. അയാൾ കയറിയിട്ടില്ലെങ്കിൽ വേണ്ട; സൊല്ലതീന്നല്ലോ. എൻെറ പരിഭ്രമം അടങ്ങിയശേഷം ഞാൻ വീണ്ടും വണ്ടിയിൽ നോക്കി. അതാ, അയാൾ ആളുകളെ തള്ളിനീക്കി എൻെറ അടുത്തേക്കു വരുന്നു! അയാൾ അടുത്തെത്തിയപ്പോൾ വിരലുകൾക്കിടയിൽ പിടിച്ചിരുന്ന രണ്ടു ടിക്കററു എന്നെ കാട്ടിക്കൊണ്ടു്, "ടിക്കററെടുത്തിട്ടുണ്ടു്; കേട്ടോ," എന്നു് എന്നെ അറിയിച്ചു.

"നിങ്ങൾ എന്തിനു വാങ്ങി? ഞാൻ വാങ്ങിക്കൊള്ളാമായിരുന്നല്ലോ;"

"നമ്മുടെ ഈ യാത്രയിൽ ഇത്രയെങ്കിലും ഒരു ചെലവു് എൻെറ വീതത്തിനു് ആയിക്കൊള്ളട്ടെ."

യാത്രച്ചെലവിൻെറ കാര്യത്തിൽ അയാൾ ഒട്ടും വിചാരപ്പെടേണ്ടതില്ലെന്നും, ഇനി യാതൊന്നിനും അയാൾ പണം മുടക്കരുതെന്നും ഞാൻ ദൃഢമായ സ്വരത്തിൽ അയാളെ വിലക്കി. അയാൾ മറുപടി ഒന്നും

പറഞ്ഞില്ല. എന്റെ അടുത്തിരുന്ന യാത്രക്കാരൻ അടുത്ത സ്റ്റോപ്പിൽ ഇറങ്ങിയപ്പോൾ ഒഴിഞ്ഞ സീററിൽ ഞാൻ എന്റെ കൂട്ടുകാരനെ പിടിച്ചിരുത്തി. അയാളുടെ കക്ഷത്തിൽ ശരീരാംശംപോലെ ഒട്ടിപ്പിടിച്ചിരിക്കുന്ന ഒരു ഇംഗ്ലീഷ് വത്തമാന പത്രം താഴെ വീണപ്പോൾ ആണ് അതിനെപ്പററി ബോധവാനായത്. അയാൾ അതെടുത്തു നിവത്തി വായന തുടങ്ങി. അയാളുടെ മുഖത്ത് ആ പുഞ്ചിരി വീണ്ടും പരന്നു. "ലോകത്തിലെ മഹാമതികളായ ഈ നേതാക്കന്മാക്ക് തമ്മിൽ യോജിക്കാൻ കഴിയുന്നില്ല. പിന്നെങ്ങനെ പാവപ്പെട്ട ഈ സ്ത്രീപുരുഷന്മാക്ക് യോജിക്കാൻ കഴിയും? മനുഷ്യക്ക് തമ്മിൽ രമ്യമായിക്കഴിയാൻ സാധിക്കില്ലേ?" ഈ വലിയ പ്രശ്നത്തിന്ന് ഉത്തരം പ്രതീക്ഷിച്ചുകൊണ്ടെന്നവണ്ണം അയാൾ എന്റെ മുഖത്തേക്ക് കണ്ണുകളുയത്തി നോക്കി. ഇമ്മാതിരി മഹാകാര്യങ്ങളെപ്പററി സംസാരിക്കാനുള്ള മനഃസ്ഥിതി എനിക്ക് അപ്പോഴുണ്ടായിരുന്നില്ല. വാസ്തവത്തിൽ, ഈവക കാര്യങ്ങളെക്കുറിച്ച് എഴുതുകയും പറയുകയും ചെയ്യുന്നതിൽനിന്നു് ഒഴിഞ്ഞിരിക്കാനാണ് ഏതാനും ദിവസങ്ങൾ ഊരു ചുററാൻ ഞാൻ ഇറങ്ങിയതു്. ഞാൻ അയാളുടെ ചോദ്യത്തിന്ന് മറുപടി പറയാതെ, "നയാപുരം ആയോ എന്നു് നോക്കിക്കൊള്ളണേ. എനിക്ക് സ്ഥലം നിശ്ചയമില്ലാകേട്ടോ" എന്നു് അയാളെ ഓർപ്പിക്ക മാത്രം ചെയ്തു. അയാൾ അതു കേട്ട ഭാവം നടിക്കപോലും ചെയ്യാതെ വത്തമാനപത്രത്തിന്റെ പേജിലേക്ക് മുഖം

തിരിച്ചു. അയാളെ വായനയിനിന്നു് പിന്തിരിച്ചാൽ കൊള്ളാമെന്നു് എനിക്കുണ്ടായിരുന്നു. ഞങ്ങൾ പോകുന്ന വഴിക്കുള്ള ചില കാഴ്ചകളിലേക്കു് ഞാൻ അയാളുടെ ശ്രദ്ധയാകഷിക്കാൻ ശ്രമിച്ചു. എൻെറ ശ്രമങ്ങൾ കേവലം ഉദാസീനങ്ങളായ പ്രതിഫലനങ്ങളേ അയാളിലുളവാക്കിയുള്ളു. അയാൾ വായന തുടന്നു. കുറേ കഴിഞ്ഞു് ഞാൻ അയാളുടെ ചുമലിൽ കലുക്കി വിളിച്ചു ചോദിച്ചു: "നയാപുരം ആയില്ലേ?" "ഇല്ല." എന്നു മാത്രം മറുപടി പറഞ്ഞു് അയാൾ പിന്നെയും വായനയിൽ മുഴുകി. 'ചുമ്മാതവിടെങ്ങാനും അടങ്ങിയിരിക്കരുതോ' എന്നു് ശാസിക്കുംപോലെയായിരുന്നു അയാളുടെ മറുപടി. വണ്ടി നയാപുരിൽ എത്തുന്ന കാര്യം, പിന്നെയും ഏതാനും മിനിററുകൾ കഴിഞ്ഞു് ഞാൻ അയാളെ ഓർപ്പിച്ചു. "ശല്യമായല്ലോ!" എന്നു് ദേഷ്യപ്പെട്ടുംപോലെ എന്നെ ഒന്നു നോക്കുകമാത്രമായിരുന്നു അയാളുടെ മറുപടി.

വായനയ്ക്കിടയിൽ അയാൾ എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടായിരുന്നു. ഓരോ വാത്തയും വായിച്ചു കഴിഞ്ഞു് അയാൾ അതിനെപ്പററി എന്തെങ്കിലുമൊന്നു് വിമശിക്കും.

അടുത്ത സ്റ്റോപ്പിൽ വണ്ടി നിന്നപ്പോൾ യാത്രക്കാരിൽ അനേകരും ഇറങ്ങുന്നതായി ഞാൻ കണ്ടു. നയാപുരം എത്തിയിരിക്കുമോ? എങ്കിലും എൻെറ കൂട്ടുകാരനോടു ചോദിക്കാൻ എനിക്കു ധൈര്യം വന്നില്ല. ഞാൻ കണ്ടക്ടരുടെ നേക്കു് നോക്കി. "നയാപുരം

ആഗ്രയാ" (നയാപുരം എത്തിയിരിക്കുന്നു) എന്നു് അയാരം വിളിച്ചു പറഞ്ഞു. ഞാൻ ചാടി എഴുന്നേററു്, "നയാപുരം എത്തി; വരൂ, നമുക്കിറങ്ങാം" എന്നു പറഞ്ഞുകൊണ്ടു് അയാളെ ഉണത്താൻ ശ്രമിച്ചു. അയാരം തലയുയത്തി നോക്കിയെങ്കിലും വായിച്ചുവന്ന ഭാഗം പൂത്തിയാക്കാൻ പിന്നെയും പത്രത്തിൽ നോട്ടമുറപ്പിക്കുകയാണു് ചെയ്തതു്. ഞാൻ അയാളെ കടന്നു് ധിറുതിവച്ചു് പുറത്തിറങ്ങി, വെളിയിൽ നിന്നുകൊണ്ടു് വീണ്ടും അയാളെ വിളിച്ചു. അയാരം പയ്യെ പുറത്തിറങ്ങി വന്നു് വളരെ ശാന്തമായി എന്നോടു പറഞ്ഞു: "ഈ വണ്ടി ഇവിടം വരെയേ ഉള്ളു; ഇതിനപ്പുറം എട്ടാംനമ്പർ വണ്ടി പോവില്ല. എനിക്കതു് അറിയാമായിരുന്നു." ഞാൻ വിഡ്ഢിയെപ്പോലെ അയാളുടെ മുഖത്തു് നോക്കിനിന്നു പോയി.

ഗോല്ലൊണ്ട ബസ്സു് യാത്രക്കാരെ കാത്തുകിടപ്പുണ്ടായിരുന്നു. ഞങ്ങരം അതിൽ കയറിയിരുന്നു. പത്തിനഞ്ചു മിനിററുകൊണ്ടു് വണ്ടി യാത്രക്കാരെക്കൊണ്ടു നിറഞ്ഞു. പടുകിഴവനായ ഒരു ഡ്രൈവർ, തന്നെക്കാരം വാദ്ധക്യം ബാധിച്ച ആ ബസ്സു് സ്റ്റാർട്ടു ചെയ്തു. ആ തല്ലിപ്പൊളി ബസ്സ വലത്തോട്ടു തിരിഞ്ഞു് ഇടുങ്ങിയ ഒരു തെരുവിലൂടെ വിറച്ചു വിറച്ചു യാത്രയായി. റോഡു നിറഞ്ഞു കിടന്ന പൊടി പറപ്പിച്ചു കൊണ്ടു് അതേദിക്കിലേക്കു പോകുന്ന കട്ടവണ്ടികളുടെ നീണ്ടയൊരണി പിന്നിട്ടു മുന്നേറുവാൻ ആ ബസ്സു കട്ടവളരെ പാടുപെട്ടു. നിറയെ വിറകു കയററിയ കട്ടവണ്ടികരം വലിക്കുന്ന

*4

ചാവാളിക്കാളകളെക്കണ്ടിട്ട് എന്റെ സ്നേഹിതൻ പറഞ്ഞു: "ഈ ചാകാറായ മൃഗങ്ങളെക്കൊണ്ട് ഈ ഭാരം വലിപ്പിക്കുന്നതിൽ കഷ്ടമായിത്തോന്നുന്നു. ഈ പഴഞ്ചൻ എഞ്ചിൻ കൊണ്ട് ഈ വണ്ടി ഓട്ടുന്നതു്." എനിക്കു് വിമർശം രസിച്ചു; ഞാൻ അതു ശരിവച്ചു. പക്ഷെ അയാളുടെ കണ്ണുകൾ നനഞ്ഞിരിക്കുന്നതു കണ്ടു് ഞാൻ അത്ഭുതപ്പെട്ടു. വൃത്തികെട്ട തെരുവിലെ പൊടി നിറഞ്ഞ അന്തരീക്ഷത്തിൽ വീർപ്പുമുട്ടിയുള്ള ഞങ്ങളുടെ യാത്ര ഇന്നത്തെ മനുഷ്യജീവിതത്തിന്റെ ശരിപ്പകർപ്പാണെന്നു് അയാൾ കുറേനേരത്തെ മൗനത്തിനു ശേഷം അഭിപ്രായപ്പെട്ടു. അയാൾ തെളിച്ച ആ വഴിയിലൂടെ സംഭാഷണം തുടരുന്നതു് എനിക്കിഷ്ടമല്ലായിരുന്നു.

"നിങ്ങളുടെ പേരു പറഞ്ഞില്ലല്ലോ" – ഞാൻ ചോദിച്ചു.

"ശശിഭൂഷൺറാവു; നിങ്ങളുടെ പേരു്?"

"രാമൻകുട്ടി. നിങ്ങൾ നല്ല ഇംഗ്ലീഷിൽ സംസാരിക്കുന്നല്ലോ."

"ഞാൻ ആന്ധ്രായൂണിവേർസിററിയിലെ ഒരു ഗ്രാഡുവേററാണു്."

ഗ്രാഡുവേററുകൾപോലും ഇക്കാലത്തു് ഇത്ര നല്ല ഇംഗ്ലീഷിൽ സംസാരിക്കാറില്ലെന്നു് ഞാൻ പറഞ്ഞു. അയാൾ തത്വശാസ്ത്രവും രാഷ്ട്രമീമാംസയും പഠിച്ചാണു്

ബിരുദം നേടിയതെന്നും വിദ്യാഭ്യാസം കഴിഞ്ഞു് സൈന്യസേവനത്തിൽ പ്രവേശിക്കാനാണു് ഇടയായതെന്നും തുടന്നുണ്ടായ സംഭാഷണത്തിൽനിന്നു് ഞാൻ ഗ്രഹിച്ചു

ഞങ്ങൾ നഗരപ്രാന്തങ്ങളെല്ലാം പിന്നിട്ടു കഴിഞ്ഞിരുന്നു. പാടങ്ങളും കുന്നുകളും നിറഞ്ഞ ദക്ഷിണപീഠഭൂമിയുടെ വിരിമാറിലൂടെ ഞങ്ങളുടെ വണ്ടി ഇഴഞ്ഞു നീങ്ങിയപ്പോൾ, അതേവരെയുണ്ടായിരുന്ന വീർപ്പുമുട്ടൽ തെല്ലു ശമിച്ചു. എന്റെ സ്നേഹിതന്റെ മുഖത്തെ മ്ലാനത ക്രമേണ മാഞ്ഞു പോകുന്നതായി തോന്നി. അയാൾക്കു് ഉന്മേഷവും ഉത്സാഹവും വർദ്ധിച്ചു. അയാൾ മെല്ലുമേൽ സംഭാഷണകുതുകിയായി മാറുന്നതു് ഞാൻ ശ്രദ്ധിച്ചു. വണ്ടി ഒരു വളവു തിരിഞ്ഞപ്പോൾ ഗോല്ക്കൊണ്ടക്കോട്ടയുടെ ഒരു ദൂരവീക്ഷണം ഞങ്ങൾക്കു ലഭിച്ചു. "അതാ, ഗോല്ക്കൊണ്ട" —ഞാൻ വിളിച്ചു പറഞ്ഞു. എന്റെ സ്നേഹിതൻ ഞെട്ടിത്തിരിഞ്ഞു് ഞാൻ ചൂണ്ടിയ ദിക്കിലേക്കു് നോക്കി. അപ്പോഴേക്കും ഞങ്ങളുടെ വലത്തു വശത്തുണ്ടായിരുന്ന ഒരു കുന്നു് ഞങ്ങളുടെ കാഴ്ച മറച്ചു. അയാൾക്കു് അതിന്റെ നൈമിഷികമായ ഒരു ദർശനം മാത്രം ലഭിച്ചിരിക്കണം. അക്കാഴ്ചകണ്ടു് അമ്പരന്നു പോയപോലെ അയാൾ ആ ദിക്കിലേക്കുതന്നെ നോക്കിയിരുന്നു. ആ ഇരുപ്പിൽ നിന്നു് അയാളെ ഉണത്താൻ എനിക്കു് അല്പം പണിപ്പെടേണ്ടി വന്നു. ദൂരെക്കണ്ട കുന്നിന്റെ മുകളിലെ, വെള്ളനിറം പൂണ്ട കെട്ടിടത്തിലേക്കു് ഞാൻ അയാളുടെ ശ്രദ്ധ ഒരു പ്രകാരത്തിൽ തള്ളിയയച്ചു. അതു്

ഏതോ പഴയ കോവിലാണെന്നു് അയാറം എനിക്കു് പറഞ്ഞുതന്നു. പിന്നെ വഴിനീളെ കണ്ട കാഴ്ചകളെക്കുറിച്ചു് ഞങ്ങറം സംഭാഷിച്ചുകൊണ്ടിരുന്നു. വണ്ടി ഒരു വളവുതിരിഞ്ഞപ്പോറം വീണ്ടും ഗോല്ക്കൊണ്ടക്കോട്ട ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഞങ്ങറം രണ്ടു പേരും ആ കാഴ്ച ഉററു നോക്കി. അടുത്ത ക്ഷണം, ചെവിട്ടു പൊടിക്കുന്ന ഒരു വെടിയുടെ ശബ്ദം കേട്ടു് ഞങ്ങറം ഞെട്ടിപ്പോയി. വണ്ടി ഏതാനും വാര മുമ്പോട്ടു ഇഴഞ്ഞു നീങ്ങിയ ശേഷം പെട്ടന്നുനിന്നു. കണ്ടക്ടർ പുറത്തു ചാടി നോക്കിയശേഷം, വണ്ടി ഇനിയങ്ങോട്ടു പോകുന്നതല്ലെന്നു് പ്രഖ്യാപിച്ചു. അതിൻെറ പിൻ ചക്രത്തിൻെറ ടയർ വീത്തു പൊട്ടിപ്പിളന്നു പോയിരുന്നു. യാത്രക്കാർ ഓരോരുത്തരായി വണ്ടിയിൽനിന്നു് പുറത്തുവന്നു. ഇത്രദൂരമെങ്കിലും ഈ വണ്ടി തങ്ങളെ കൊണ്ടുവന്നു വിട്ടല്ലോ എന്നു് പലരും തങ്ങളുടെ ഭാഗ്യത്തിൽ സ്വയം അനുമോദിക്കുന്നതു കേട്ടു. ഒരു വശത്തേക്കു ചരിഞ്ഞു് പാതയുടെ നടുവിൽ നിസ്സഹായമായിക്കിടന്ന ആ വാഹനം എൻെറ സ്നേഹിതൻ ഉററു നോക്കിക്കൊണ്ടിരുന്നു. ഏതാനും നിമിഷങ്ങറം കഴിഞ്ഞു് അയാറം പറകയാണു്: കഷ്ടം! മനുഷ്യൻെറ ഉത്സാഹത്തിൻെറയും താൽപര്യങ്ങളുടെയും തള്ളിച്ചയൊപ്പം മുമ്പോട്ടു നീങ്ങാൻ അതു് ഇത്രയും സമയം പാടുപെട്ടു. ഒടുക്കം പാവം തളന്നു് വീണുപോയി.” അയാറം മഞ്ഞളിച്ച പുഞ്ചിരിയോടെ എൻെറ മുഖത്തേക്കു നോക്കി. അപ്പോഴും അയാളുടെ കണ്ണുകറം നനഞ്ഞിരിക്കുന്നതു് ഞാൻ സൂക്ഷിച്ചു.

യാത്രക്കാർ പല വഴിക്കു പിരിഞ്ഞു പോയി. ഞങ്ങൾ രണ്ടുപേർ മാത്രം റോഡു ചെന്നവസാനിക്കുന്ന ഉരുക്കൻ പടിവാതലിലേക്കു നടന്നു. അതു് കോട്ടയുടെ പ്രവേശനദ്വാരമാണു്. അതിൽതന്നേ നോട്ടം ഉറപ്പിച്ചുകൊണ്ടു് അയാൾ വലിഞ്ഞു വലിഞ്ഞു മുമ്പോട്ടു നീങ്ങി. ഞാൻ അനുഗമിച്ചു. ആ കനത്ത ഇരുമ്പുവാതലിനു മുമ്പിൽ അയാൾ നിലയുറപ്പിച്ചു. "മനുഷ്യൻെറ പരിഹാസ്യമായ ഭീരുതയുടെയും നീചമായ അവിശ്വാസത്തിൻെറയും പ്രതീകമല്ലേ ഈ ഇരുമ്പുവാതൽ?" —അയാൾ എൻെറ നേക്കു് തിരിഞ്ഞു് ചോദിച്ചു. ഒരത്ഥത്തിൽ അതു ശരിയാണെന്നു് ഞാൻ സമ്മതിച്ചു. അയാളുടെ കണ്ണുകളിൽ കഠിനമായ കയ്പും വെറുപ്പും ഓളം വെട്ടുന്നതു് ഞാൻ സൂക്ഷിച്ചു. സഹജമായ ദയനീയതയുടെ നിഴലാട്ടം അപ്പോൾ അവയിലില്ലായിരുന്നു. ഈ മാററം എനിക്കു് ആശങ്കാജനകമായി തോന്നി. ഹൈദരബാദ് നഗരത്തിൻെറ അതിത്തികൾ പിന്നിട്ട ശേഷം അയാൾ ഉത്സാഹഭരിതനും സംഭാഷണ കുതുകിയുമായി മാറിയതും ഞാൻ ഓത്തു. കാണികളെ വഞ്ചിക്കാൻ പുറമേ അണിഞ്ഞിരുന്ന കപടവേഷം വെടിഞ്ഞു് അയാൾ തനിനിറത്തിൽ പ്രത്യക്ഷപ്പെടുകയാണോ എന്നു് ചിന്തിച്ചപ്പോൾ ഞാൻ അകമേ ഒന്നു് ഞെട്ടി. മനുഷ്യത്വത്തിൻെറ വഴി മുടക്കാൻ നിലയുറപ്പിച്ച ഭീകരസത്ത്വംപോലെ മുന്നിൽ കണ്ട വിജനമായ കരിങ്കൽക്കോട്ടയുടെ സാമീപ്യത്തിൽ ഈ ചിന്ത എനിക്കു് വിശേഷിച്ചും ഭയജനകമായി.

ഗോല്ക്കൊണ്ടയുടെ ചരിത്രത്തെപ്പററി സംസാരിച്ചുകൊണ്ടു് ഞങ്ങൾ ഗേററ കടന്നു. അവിടെനിന്നു് കോട്ടയിലേക്കു പോകുന്ന പാതയിൽ അയാൾ മുമ്പും ഞാൻ പിമ്പുമായി യാത്രതുടന്നു. അനത്ഥം തേടിച്ചെല്ലുമ്പോഴുള്ള ഒരു അനുഗമനമാണു് അതെന്നു് എനിക്കു തോന്നി. ഞാൻ അറിയാതെ തന്നെ എൻെറ ഗതി മന്ദീഭവിച്ചു. എന്തെങ്കിലും ഒഴികഴിവു പറഞ്ഞു യാത്ര മുടക്കിയാലെന്തെന്നുപോലും ഞാൻ വിചാരിച്ചു. ഇതിനകം അയാൾ എന്തൊക്കെയോ പ്രസംഗിച്ചുകൊണ്ടു് കുറേദൂരം മുമ്പിൽ എത്തിക്കഴിഞ്ഞിരുന്നു. പാതയുടെ ഇരുവക്കിലും ശീതള പാനീയങ്ങളും മുറുക്കാനും ബീഡിസിഗരററുകളും മററും വില്ക്കുന്ന ചെറിയ കടകൾ നിരന്നു നിന്നിരുന്നു. ഞാൻ അയാളുടെ പേർ ഉച്ചത്തിൽ വിളിച്ചു അയാളെ നിത്തി, '' നമുക്കു് അല്പം കൂൾഡ്രിങ്കു് കഴിക്കാം'' എന്നു വിളിച്ചു പറഞ്ഞു. അയാൾക്കെതിരേകണ്ട കടയുടെ നേക്കു് ചൂണ്ടിക്കൊണ്ടു് അയാൾ എന്നെ അങ്ങോട്ടു ക്ഷണിച്ചു. വാസ്തവത്തിൽ എനിക്കു് കൂൾ ഡ്രിങ്ക്സ് ഇഷ്ടമല്ല. എങ്കിലും അയാൾ കാട്ടിയ കടയിലേക്കു് നടന്നു ചെന്നു് ഞാൻ രണ്ടുകപ്പിക്രഷ് വാങ്ങി, ഒന്നു് അയാൾക്കു കൊടുത്തു. മററതു് മുഴുവൻ കുടിക്കാൻ എനിക്കു കഴിഞ്ഞില്ല; പകുതി വഴിയിൽ ഒഴിച്ചു കളയേണ്ടിവന്നു. അയാളാകട്ടെ, അങ്ങകലെ ഉയൻുനിന്ന കരിങ്കൽക്കോട്ടയിൽ നോട്ടമുറപ്പിച്ചു്, ഇററിററായി ശീതളപാനീയം ആസ്വദിച്ചുകൊണ്ടിരുന്നു. ഞാൻ അയാളെ അടിമുടി വീണ്ടുമൊന്നു

നോക്കി. നല്ല ഉറച്ച തടി. അല്പം കുനണ്ടെങ്കിലും ആറം തടിമാടൻതന്നെ. ഒരു മല്പിടുത്തത്തിൽ അയാറം ക്കെന്നെ നിഷ്പ്രയാസം അടിപ്പെടുത്താം. ഉച്ചക്കുണ കഴിക്കാത്തതുകൊണ്ടുള്ള ക്ഷീണം അയാളുടെ മുഖത്തു് അറിയാനുണ്ടു്. അയാറംക്കു് ഊണു വാങ്ങിക്കൊടുക്കാ ത്തതു് നന്നായിപ്പോയെന്നു് എനിക്കു തോന്നി. അ പ്പോഴേക്കും സന്ദർശകരായി രണ്ടു ചെറുപ്പക്കാർകൂടി വന്നുചേന്നു. അവരും കടയിൽനിന്നു് ക്രഷ് വാങ്ങി ക്കുടിച്ചു. അതിലൊരാറംക്കു് തമിഴറിയാം. ഞാൻ അ യാളോടു തമിഴിൽ സംസാരിച്ചു. എനിക്കല്പം ആശ്വാ സം തോന്നി; ധൈര്യവും. അവരോടൊപ്പം പോവുക തന്നേ; ആപൽസാധ്യത അത്രയും കുറഞ്ഞിരിക്കുമല്ലോ. ഞങ്ങറം നാലുപേരും ചേന്നു് യാത്ര തുടന്നു.

പുതിയ കൂട്ടുകാരുമായി എൻെറ സ്നേഹിതൻ തെ ലുങ്കിൽ സംഭാഷണമാരംഭിച്ചു. ഗോല്ക്കോണ്ടക്കോട്ടയെ പ്പററി അവരിൽനിന്നു് കൂടുതലായിക്കിട്ടിയ വിവര ങ്ങറം അയാറം എനിക്കു് ഇംഗ്ലീഷിൽ പറഞ്ഞുതന്നു മാതൃഭാഷയിൽ സംസാരിക്കാൻ അവസരം കിട്ടിയ പ്പോറം അയാറം വാചംയമിതയുടെ സകല സീമകളും പൊളിച്ചു പായുന്നതു കണ്ടു ഞാൻ അത്ഭുതപ്പെട്ടു. പെ ട്ടെന്നു് പുതിയൊരാശങ്ക എന്നിൽ അങ്കുരിച്ചു: പുതുതായി വന്നവർ ഇയാളുടെ കൂട്ടാളികറം ആയിരിക്കുമോ? നേര ത്തേ പറഞ്ഞൊത്ത പരിപാടിയനുസരിച്ചു അയാറം എന്നെ കെണിയിൽ ഓടിച്ചു കയററുകയല്ലേ ചെയ്യുന്നതു? എൻെറ ഹൃദയം വദ്ധിതവേഗത്തിൽ മിടിക്കുന്നതു്

എനിക്കു കേൾക്കാമെന്നു തോന്നി. അവരുടെ സംസാരത്തിൽനിന്നു് എന്തെങ്കിലും സൂചന കിട്ടുമോ എന്നറിയാൻ ഞാൻ ചെവി വട്ടം പിടിച്ചു ശ്രദ്ധിച്ചു. ഒന്നും കിട്ടിയില്ല. നേരേമറിച്ചു്, അവരുടെ സംഭാഷണവിഷയം ഗോല്ക്കൊണ്ടക്കോട്ടയാണെന്നു് സൂചിപ്പിക്കുന്ന ചില വാക്കുകൾ എനിക്കു് പിടികിട്ടുകയും ചെയ്തു. എന്തുവന്നാലും മുന്നോട്ടു പോകയെന്നു് ഞാൻ ഒരു തീരുമാനം ചെയ്തു. ഇതിന്റെ അന്തം കാണുകതന്നെ സ്വരക്ഷയ്ക്കുവേണ്ടി കഴിയുന്നത്ര പോരാട്ടമെന്നു് ഞാൻ ഉറച്ചു.

## രണ്ടു്

പാതയുടെ ഇടത്തു വശത്തു് നീളത്തിൽ കെട്ടിയിരുന്ന കന്മതിലിന്റെ നടുക്കു കണ്ട പൊളിഞ്ഞ വാതൽ കടന്നു് വിശാലമായ ഒരു നടുമുററത്തു് ഞങ്ങൾ പ്രവേശിച്ചു. അതിനു ചുററും പലതരം കരിങ്കൽക്കെട്ടുകൾ കാണ്മാനുണ്ടായിരുന്നു. നടുമുററത്തിന്റെ തെക്കെ അററത്തുള്ള ഏതാനും പടികൾ കയറി, കരിങ്കല്ലുകൊണ്ടു കെട്ടിയ കനത്ത ഭിത്തികളാൽ വേർതിരിക്കപ്പെട്ട അനേകം ഉയന്ന അറകളുള്ള ഒരിടത്തിൽ ഞങ്ങൾ എത്തി. പകൽവെളിച്ചത്തിന്നും കയറൂരി നടന്നു് കളിയാടാൻ അനുവാദമില്ലാത്ത ഒരിടം. ഇരുവശത്തും നിരനിരയായി നില്ക്കുന്ന അറകളുടെ നടുവിലൂടെ പോകുന്ന ഇടനാഴിയിൽ കടന്ന വെളിച്ചം അറകളിലേക്കു കടക്കാൻ അറച്ചു അവിടെത്തന്നേ പരുങ്ങിനില്ക്കയാണെന്നു് തോന്നി. ഞാൻ വെളിച്ചത്തെ അനുകരിച്ചു ഇടനാഴിയിൽ നിന്നതേയുള്ളൂ. എന്റെ സഹയാത്രികന്മാർ ഓരോ അറയിലും കയറിയിറങ്ങി. അവരോടൊന്നിച്ചു ആ ഇരുട്ടറകളുള്ളിൽ കടക്കാൻ ഞാൻ കൂട്ടാക്കില്ല. അത്ര വളരെ ഉയരമുള്ള ആ അറകൾ നവാബിന്റെ ആനകളെ കെട്ടാൻ ഉപയോഗിച്ചിരുന്നിരിക്കാമെന്നു് എന്റെ സ്നേഹിതൻ അഭ്യൂഹിച്ചു. ആ

അറനിരകൾക്കപ്പുറം അത്ര ഉയരമില്ലാത്ത വേറൊരു അറനിരയുണ്ടു്. അതു കുതിരലായമായിരിക്കാമെന്നു് ഞങ്ങൾക്കു തോന്നി. കുതിരലായത്തിന്നപ്പുറം രഹസ്യസമ്മേളനമണ്ഡപമെന്നു് തോന്നിയ ഒരിടത്തിൽ ഞങ്ങൾ എത്തി. ഗോല്ക്കൊണ്ടയുടെ പ്രതാപകാലത്തു് ആ സ്ഥലം എത്ര ആഡംബരപ്രൗഢി തികഞ്ഞതായിരുന്നിരിക്കണം! ഇന്നു് അതിൻെറ കൽച്ചുമരുകൾ ഇടിഞ്ഞു തകൻ്റു തുടങ്ങിയിരിക്കുന്നു. മണ്ഡപത്തിൻെറ ഒത്ത നടുക്കൊരിടത്തു നിന്നുകൊണ്ടു് കൈ തട്ടിയാൽ അതിൻെറ മാറെറാലി മേൽത്തട്ടിൽ ചെന്നലക്കുന്നതു കേൾക്കാം. മേലത്തെ നിലയിൽ ഇരിക്കുന്നവക്കു് ആ പ്രകമ്പനം അനുഭവപ്പെടുമത്രേ. നവാബിൻെറ സേവകന്മാർ ഇങ്ങനെ അദ്ദേഹത്തിനു് ഉടനുടൻ ഓരോ സന്ദേശങ്ങൾ അറിയിച്ചുകൊണ്ടിരുന്നു എന്നാണു് പറയുന്നതു്. മനുഷ്യൻെറ പ്രാണഭീതി എന്തെല്ലാം ഉപായങ്ങളിലേക്കു് അവൻെറ ബുദ്ധിയെ എത്തിക്കുന്നുവെന്നു് എൻെറ സ്നേഹിതൻ വിമർശിച്ചു. അതിനു് അടുത്ത മതില്ക്കെട്ടിനുള്ളിൽ കടന്നപ്പോൾ കൂടുതൽ വിശാലമായ ഒരു മണ്ഡപം ഞങ്ങൾ കണ്ടു. അതിൻെറ ചുററിലും വാസയോഗ്യങ്ങളായ മുറികളുണ്ടു്. നടുമുററത്തു് വെള്ളമില്ലാത്ത ഒരു കുളം കാണാം. അതിൻെറ നടുക്കു് പണ്ടു് തീച്ചയായും ഒരു ധാരായന്ത്രമുണ്ടായിരുന്നു എന്നു് എൻെറ സ്നേഹിതൻ പറഞ്ഞു. അയാൾ ചുററം കണ്ണോടിച്ചു. നൂറിൽപരം മുറികളിൽ ഓരോന്നും ഓരോ അന്തഃപുരസ്ത്രീയുടെ ഉപയോഗത്തി

നുള്ളതായിരുന്നു എന്നു് അയാൾക്കു് തോന്നി. നടുവിൽ കാണുന്ന കുളം ആ സ്ത്രീകൾ സ്നാനഘട്ടമായി ഉപയോഗിച്ചിരുന്നതല്ലേ? അയാൾ പിന്നോക്കം തിരിഞ്ഞു്, മതില്ക്കെട്ടിനു മുകളിലുള്ള എടുപ്പുകളിലേക്കു് നോക്കി. അവിടെ നിന്നുകൊണ്ടു് നവാബ്യു്, സ്നാനഘട്ടത്തിലേക്കിറങ്ങുന്ന അന്തഃപുരവാസിനികളുടെ നഗ്നസൗന്ദര്യം കണ്ണുകളാൽ നുകൎന്നിട്ടില്ലേ എന്നായിരുന്നു എന്റെ സ്നേഹിതന്റെ സംശയം. ശങ്കയും നൈരാശ്യവും പ്രതീകാരബുദ്ധിയുംകൊണ്ടു നീറിപ്പുകഞ്ഞ എത്ര എത്ര ഹൃദയങ്ങൾ ഇവിടെ തടവിലകപ്പെട്ടു നരകിച്ചിരിക്കണം! ഈ മതില്ക്കെട്ടിനുള്ളിലെ ജീവിതംകൊണ്ടു് അവർ സംതൃപ്തരായിരുന്നോ? ഇതിൽനിന്നു ഭിന്നമായ ഒരു ജീവിതം ഒരുവേള ഭാവനയിൽപോലും അവൎക്കു് കാണാൻ കഴിഞ്ഞില്ലെന്നു് വരാം. എച്ച്. ജി. വെല്സിന്റെ 'ടൈം മെഷീനി'ലെ 'ഈലോയ്' എന്ന മനുഷ്യജീവികൾക്കൊപ്പം ആ സ്ത്രീകൾ തങ്ങളുടെ ഭാഗധേയം ചോദ്യം കൂടാതെ സ്വീകരിച്ചതായിരിക്കാം എന്നു് എന്റെ സുഹൃത്തു പ്രസ്താവിച്ചു.

അന്തഃപുരം കഴിഞ്ഞാൽ അതിന്നപ്പുറം ഏതാനും വാരയകലെ ഉയൎന്ന ഒരു മതിലുണ്ടു്. ഞങ്ങളുടെ വഴി മുടക്കിനിന്ന ആ മതിലിന്റെ ഔന്നത്യം കണ്ണുകളാൽ പരിഗണിച്ചുകൊണ്ടു് അയാൾ പറഞ്ഞു: ഇതിനുള്ളിൽ തളംകെട്ടിനിന്നു് എത്രയെത്ര ജീവിതങ്ങൾ ചീഞ്ഞളിഞ്ഞു നശിച്ചിട്ടുണ്ടു്!

അവിടെനിന്നു് വലത്തോട്ടു തിരിഞ്ഞു പോകുന്ന ഒരു വഴിത്താരയുണ്ടു്. അതൊരു കയററമാണു്. കുററിച്ചെടികളും കരിങ്കൽത്തുണ്ടുകളും നിറഞ്ഞ ആ താരയിലൂടെ ഞങ്ങൾ മേലോട്ടു കയറി. കുറേദൂരം കയറിയപ്പോൾ, വിശാലങ്ങളായ നെടുമ്പുരകൾ നിറഞ്ഞിരുന്നതായി തോന്നിയ ഒരു സ്ഥലത്തു് ഞങ്ങൾ ചെന്നുചേന്നു. അവിടെ എത്തിയപ്പോഴേക്കും ഞാൻ നന്നേ ക്ഷീണിച്ചുപോയി. അല്പമായ ആയാസംകൊണ്ടും അമിതമായി ക്ഷോഭിക്കുന്ന ഒരു ഹൃദയമാണു് എന്റേതു്. അതിനാൽ അവിടെ കുറേനേരം നിന്നിട്ടു പോയാൽ കൊള്ളാമെന്നു് എനിക്കുണ്ടായിരുന്നു. പക്ഷെ, വൈകുന്നേരത്തെ വെയിൽ ആ തളത്തിൽ പൊന്നുരുക്കി ഒഴിച്ചുകൊണ്ടിരുന്നതിനാൽ അവിടെ നില്ക്കാൻ പ്രയാസമായിരുന്നു. അവിടെനിന്നു് അങ്ങോട്ടു കയറാൻ ഒട്ടുവളരെ കല്പടകൾ ഉണ്ടു്. അവ ചെന്നെത്തുന്ന മറെറാരു തളം തണൽ നിറഞ്ഞതാണു്. അതിനാൽ എന്റെ സ്നേഹിതന്മാർ അവിടെ അഭയം പ്രാപിക്കാൻ വേഗം ആ കല്പടകൾ കയറിത്തുടങ്ങി.

ഓരോ പടിയിലും നിന്നുനിന്നു് പയ്യെപ്പയ്യെയാണു് ഞാൻ കയറിയതു്. അതിനിടയ്ക്കു് ഞങ്ങളുടെ പുതിയ കൂട്ടുകാർ രണ്ടുപേരും വളരെ ഉയരം എത്തിക്കഴിഞ്ഞു. എന്റെ സ്നേഹിതൻ മാത്രം ഒരു അറബിക്കുതിരയുടെ വിശ്വസ്തതയോടുകൂടി എന്നോടു ചേർന്നു നിന്നു. ഞങ്ങൾ വിട്ടുപോന്ന നെടുമ്പുരകൾ പട്ടാള

ക്കാരെ പാർപ്പിച്ചിരുന്ന ബാരക്കുകൾ ആയിരുന്നിരിക്കാം എന്ന് അയാൾ അഭിപ്രായപ്പെട്ടു. ആ ബാരക്കുകൾ തൻെറ പട്ടാളജീവിതം അയാളുടെ ഓർമ്മയിൽ കൊണ്ടുവന്നുവെന്ന് തോന്നുന്നു. "പട്ടാളക്കാരൻ ഒരു വിചിത്ര ജീവിയാണ്, സ്നേഹിത" —അയാൾ പറഞ്ഞു. "ഞാൻ അനുഭവത്തിൽനിന്നു പറകയാണ്. യുദ്ധകാലത്ത് രണ്ടുകൊല്ലവും യുദ്ധാനന്തരം അഞ്ചുകൊല്ലവും ഞാൻ പട്ടാളത്തിലായിരുന്നു. മനുഷ്യത്വത്തിൻെറ കണികയെങ്കിലും നിങ്ങളിൽ ബാക്കിയുണ്ടെങ്കിൽ നിങ്ങൾക്കൊരു നല്ല ഭടനായിരിക്കാൻ കഴിയില്ല. പട്ടാളത്തിൽ നിങ്ങൾക്കു ലഭിക്കുന്ന ശിക്ഷണത്തിൻെറ ലക്ഷ്യം നിങ്ങളിലുള്ള മനുഷ്യനെ കൊല്ലുകയാണ്; ഒരു പട്ടാളക്കുതിരയെപ്പോലെ പണിയെടുക്കാൻ നിങ്ങൾക്കു കഴിവു നല്കുകയാണ്."

ഞങ്ങളുടെ കൂട്ടുകാർ രണ്ടുപേരും തണലുള്ള പ്രദേശത്തെത്തിക്കഴിഞ്ഞിരുന്നു. ഞങ്ങൾക്കുവേണ്ടി കാത്തു നില്ക്കാതെ അവർ മേലോട്ടു തുടരെക്കയറി ഏതാനും മിനുററുകൾക്കുള്ളിൽ ഒരു കുന്നതിലിന്നപ്പുറത്തു മറഞ്ഞു. വീണ്ടും ഞാനും എൻെറ വിചിത്ര സുഹൃത്തും തനിച്ചായി. തണലുള്ള തളത്തിൽ കുറേനേരമിരുന്ന് വിശ്രമിക്കണമെന്ന് ഞാൻ തീരുമാനിച്ചു. ആ തളത്തിൻെറ ഇരുവശത്തും വളരെ ആഴമുള്ള കുഴികളുണ്ടായിരുന്നു. അവയിൽ വള്ളികളും പടപ്പുകളും വളന്നു നിറഞ്ഞിരുന്നു. ദ്രുതഗതിയിൽ പിടഞ്ഞുകൊണ്ടിരിക്കുന്ന ഒരു ഹൃദയത്തിൻെറ ഉടമസ്ഥനായ എന്നെ

എന്റെ കൂട്ടുകാരന്നു് വേണമെങ്കിൽ ആ കുഴികളിലൊന്നിൽ നിഷ്പ്രയാസം തള്ളിമറിച്ചിടാം. അതിന്റെ അടിത്തട്ടിൽ എത്തുംമുമ്പുതന്നെ എന്റെ കഥ കഴിയും. ഏതാനും ദിവസങ്ങൾ കഴിഞ്ഞു് ഉയരുന്ന ചീഞ്ഞുനാററം മാത്രമേ, അവിടെ നടന്ന പാതകം ലോകത്തിന്റെ അറിവിലേക്കു് ഉയർത്തിക്കൊണ്ടുവരൂ. എന്റെ സ്നേഹിതന്റെ അടുക്കൽനിന്നു് കുറേ ദൂരത്തൊരിടത്തു് ഒരു കല്ലിന്മേൽ ഞാൻ ഇരിപ്പുറപ്പിച്ചു. വേണ്ടിവന്നാൽ തിരിഞ്ഞോടുകയും നിലവിളിക്കൂട്ടുകയും വേണമെന്നു് ഞാൻ ആലോചിച്ചു. പാൻറിന്റെ കീശയിൽ സൂക്ഷിച്ചിരുന്ന മധുരനാരകപ്പഴമെടുത്തു് പൊളിച്ചു് പാതി ഞാൻ എന്റെ കൂട്ടുയാത്രക്കാരന്റെ നേർക്കു് എറിഞ്ഞുകൊടുത്തു. അയാൾ അതു് വൈദഗ്ദ്ധ്യത്തോടുകൂടി പിടിച്ചെടുത്തു. വെയിലത്തു മലകയറി നാവു വരണ്ടിരുന്ന ആ സമയത്തു് അതു് തികച്ചും സമയോചിതവും സ്വാഗതാർഹവുമാണെന്നു് അയാൾ പറഞ്ഞു. സമയോചിതമായി പ്രവർത്തിക്കുന്നതിലും മുൻകരുതലുകൾ ചെയ്യുന്നതിലും മലയാളികൾ സമർത്ഥരാണെന്നാണു് അയാളുടെ അഭിപ്രായം. പട്ടാളസേവനകാലത്തു് അയാൾക്കു് ഏതാനും മലയാളി സുഹൃത്തുക്കൾ ഉണ്ടായിരുന്നു. അവരുടെ പെരുമാററങ്ങളിൽനിന്നാണത്രെ അയാൾക്കീ അഭിപ്രായമുണ്ടായതു്. അതു പറഞ്ഞപ്പോഴാണു് അയാൾക്കോർമ്മവന്നതു്, എന്നെപ്പോലെ ഒരു മലയാളി അന്നു് അയാളുടെ സഹപ്രവർത്തകനായിരുന്നു എന്നു്.

"സ്നേഹിത, നിങ്ങളെക്കണ്ടപ്പോഴേ എനിക്കുതോന്നി, നാം മുമ്പ് എവിടേയോവച്ച് പരിചിതരായിട്ടുണ്ടെന്ന് എൻെറ ആ മലയാളിസുഹൃത്ത് നിങ്ങളുടെ ആരെങ്കിലുമായിരിക്കുമോ?"

എൻെറ ബന്ധുക്കറം ആരും സൈനികസേവനത്തിന്നു പോയിട്ടില്ലെന്ന് ഞാൻ പറഞ്ഞു.

"എൻെറ പേരിൽ താൽപര്യമുള്ള ഒരുവനെപ്പോലെ നിങ്ങറം എന്നെ കൂടെക്കൂടെ നോക്കുന്നതു് ഞാൻ കണ്ടു. ഞാൻ അറിയാതെ തന്നേ എൻെറ മനസ്സു നിങ്ങളുടെ നേക്ക് ചാഞ്ഞുകൊണ്ടിരുന്നു എന്നു തോന്നുന്നു. നിങ്ങളിൽനിന്നു് എന്തെങ്കിലും സാന്ത്വനം എനിക്കു കിട്ടുമെന്നു് എൻെറ അന്തരാത്മാവു്. എന്നോടു മന്ത്രിച്ചു. അതുകൊണ്ടാണു് ഞാൻ ധൈര്യമവലംബിച്ചു് നിങ്ങളോടു സംഭാഷിക്കാൻ മുതിന്നതു് എൻെറ അന്തരാത്മാവു് എന്നെ വഞ്ചിച്ചിട്ടില്ലെന്നു് ഞാൻ കരുതുന്നു. നിങ്ങറം എന്നെ ഇവിടേക്കു് ക്ഷണിച്ചുകൊണ്ടു വന്നില്ലേ; അതു് എനിക്കു് എത്രകണ്ടു സാന്ത്വനകരമായിട്ടുണ്ടെന്നു് നിങ്ങറം അറിയുന്നില്ല. കഴിഞ്ഞ മൂന്നു ദിവസം നീറിപ്പുകയുന്ന ഹൃദയവും അടക്കിപ്പിടിച്ചുകൊണ്ടു് ഞാനാസ്റ്റേഷൻെറ വെയ്റ്റിങ്ങ്റൂമിൽ കഴിച്ചുകൂട്ടി. എൻെറ ഹൃദയത്തിനു് സാന്ത്വനസന്ദേശമരുളാൻ ഒരു ദൈവദൂതൻ എത്തിയ പോലെയാണു് നിങ്ങളെക്കണ്ടപ്പോറം എനിക്കു് തോന്നിയതു്. ഞാൻ മുഖസ്തുതി പറയുകയല്ല."

അയാളുടെ ഈ വാക്കുകൾ എങ്ങനെ വ്യാഖ്യാനിക്കേണ്ടു എന്നു് ഞാൻ കുഴങ്ങി. ഇവ ഭ്രാന്തജല്പനങ്ങളാണോ? മഹാപാതകിയുടെ കപടോക്തികളാണോ? വേദനിക്കുന്ന ഒരാത്മാവിൻെറ കരച്ചിലാണോ? എനിക്കൊന്നും മനസ്സിലായില്ല. അയാളുടെ മനസ്സിനെ അത്ര കഠിനമായി വേദനിപ്പിക്കുന്നതെന്താണെന്നു് ഞാൻ തിരക്കി. അയാൾ തുറന്നു പറയാൻ മടിച്ചു.

"അതൊക്കെ നിങ്ങളോടു പറയാൻ എനിക്കിഷ്ടമില്ല. നമ്മുടെ ഈ വിനോദയാത്രയുടെ രസത്തിൽ, ആ കഥ പറഞ്ഞു മണൽ വാരിയിടുവാൻ ഞാൻ വിചാരിക്കുന്നില്ല" എന്നു മാത്രം അയാൾ പറഞ്ഞു.

"നിങ്ങൾക്കു് ജോലിയൊന്നുമില്ലേ?"

"ഇല്ല. ജോലിക്കുള്ള എൻെറ അന്വേഷണങ്ങളെല്ലാം വിഫലമായി. എന്നെ അറിയുന്നവരാരും എനിക്കു ജോലി തരില്ല. ഞാനൊരു ഭ്രാന്തനാണെന്നാണു് എല്ലാവരും പറയുന്നതു്. ചിലപ്പോൾ എനിക്കും അങ്ങനെ തോന്നാറുണ്ടെങ്കിലും വാസ്തവത്തിൽ എനിക്കു യാതൊരു ഭ്രാന്തുമില്ല. ഏറെ നാളുകൾക്കു ശേഷം നിങ്ങൾ ഒരുവൻ മാത്രമാണു് സുബോധമുള്ളവനോടെന്നപോലെ എന്നോടു പെരുമാറിയതു്."

"നിങ്ങൾ പട്ടാളസേവനത്തിലായിരുന്നില്ലേ?"

"ആയിരുന്നു. പക്ഷേ, അവർക്കു് എന്നെ വേണ്ടാതെയായി. എൻെറ ബുദ്ധിക്കു സ്ഥിരതയില്ലെന്നു പറഞ്ഞു് എന്നെ വിട്ടുകളഞ്ഞു. യുദ്ധകാലത്തു് കഷ്ടിച്ചു

രണ്ടുകൊല്ലം ഞാൻ യുദ്ധസേവനം ചെയ്തു. ഞാനൊരു പട്ടാളക്കാരനാകയില്ലെന്നു പറഞ്ഞു് എന്നെ അന്നു വിട്ടു. പിന്നീടു ഒരു ജോലിതേടി എവിടെയെല്ലാം ഞാൻ അലഞ്ഞുതിരിഞ്ഞു! എത്രയെത്ര ആപ്പീസ്സുകളുടെ പടി ഞാൻ കയറിയിറങ്ങി. അനവധി ഇൻറർവ്യൂകളാകുന്ന അഗ്നിപരീക്ഷകളിലൂടെ കടന്നുപോയി. ഒന്നിലും ഞാൻ വിജയിയായില്ല. ഒടുക്കം, ഞാൻ വിട്ടുപോന്ന ആ മരുഭൂമിയിലേക്കു് - പട്ടാളസേവനത്തിലേക്കു — തന്നെ ഞാൻ മടങ്ങിച്ചെന്നു. സിവിലിയൻ ക്ലാക്കു് എന്നു പറയുന്ന പുറംപന്തിയിൽ അവരെന്നെ പ്രവേശിപ്പിച്ചു. അഞ്ചുകൊല്ലം അങ്ങനെ കഴിഞ്ഞു. ഇക്കാലത്തു് വേദനിപ്പിക്കുന്ന സംഭവങ്ങൾ പലതുമുണ്ടായി—ഒടുക്കം ഞാനിങ്ങനെയുമായി—എന്തിനു് ഞാൻ അതൊക്കെ നിങ്ങളോടു് വിവരിക്കണം. ക്ഷമിക്കുക.”

അയാളുടെ തൊണ്ടയിടറുന്നുണ്ടായിരുന്നു. ബലിഷ്ഠമായ ശരീരവും ആരോഗ്യവും വിദ്യാഭ്യാസവും ഉള്ള അയാൾ യുദ്ധകാലത്തെ സൈന്യസേവനത്തിൽ പരാജയപ്പെട്ടതെന്തുകൊണ്ടെന്നു് ഞാൻ അത്ഭുതം പ്രകടിപ്പിച്ചു. വേണ്ടുവോളം ചവച്ചുകഴിഞ്ഞ തമ്പലം വായിൽനിന്നു ഉമിണ്ണുകളയുംപോലെ തങ്ങളുടെ മനുഷ്യത്വം വലിച്ചെറിയാൻ കഴിയുന്നവർക്കേ പട്ടാളക്കാരനാവാൻ കഴിയൂ എന്നു് അയാൾ പറഞ്ഞു. എത്ര ശ്രമിച്ചിട്ടും അയാൾക്കതു് സാധ്യമായില്ല. ഭീരുവായ ശിശു അമ്മയുടെ തുണിത്തുമ്പിൽ വിടാതെ പിടിച്ചുകൊള്ളു

ന്നതുപോലെ അയാളുടെ ആത്മാവു് മനുഷ്യത്വത്തിൽ പാററിപ്പിടിച്ചുനിന്നു.

"എന്തെല്ലാം ആക്ഷേപങ്ങളും, ശകാരങ്ങളും, നിന്ദകളും എല്ലാം ഞാൻ ഏററു! എൻെറ ശിക്ഷകന്മാർ എന്നെ ദേഹോപദ്രവം ചെയ്യാൻപോലും മടിച്ചില്ല. 'പെണ്ണുണ്ടാവാൻനേരത്തുണ്ടായവൻ' എന്നു് ഒരു ആപ്പീസ്സർ എന്നെ പരിഹസിച്ചു. സ്ത്രീവേഷം ബ്ലൗസ്സും ധരിച്ചു ക്യാംപിനു പുറത്തൊരു വീട്ടെടുത്തു താമസമാക്കിയാൽ താൻ വല്ലപ്പോഴും എന്നെ സന്ദർശിച്ചുകൊള്ളാമെന്നു് മറെറാരു ആപ്പീസ്സർ ഒരിക്കൽ എന്നോടു തെറി പറഞ്ഞു. ഇതെല്ലാം ഞാൻ മിണ്ടാതെ സഹിച്ചുകൊള്ളണം അതേ, ഞാൻ സഹിക്കതന്നെ ചെയ്തു. എന്നിട്ടും ഞാൻ പട്ടാളത്തിൽനിന്നു് പുറംതള്ളപ്പെട്ടു."

അവർ അത്ര ക്രൂരമായി അധിക്ഷേപിക്കുന്നതിന്നു് കാരണമെന്തുണ്ടായി എന്നു് ഞാൻ തിരക്കി.

"വെടിവയ്പു പരീക്ഷയിൽ ഞാൻ ഒരിക്കലും ജയിക്കില്ലെന്നു് വന്നു. തോക്കു കയ്യിലെടുത്തു് ലക്ഷ്യത്തിനു നേക്കു് തിരിയുന്ന നിമിഷം ഞാൻ അടിമുടി വിറയ്ക്കും. ലക്ഷ്യബിന്ദുവിനോടു് ഏതാനും അടികൾ അടുത്തെങ്കിലും ഉണ്ടയേല്പിക്കാൻ എനിക്കു കഴിഞ്ഞില്ല മാനസികവും ശാരീരികവുമായ കഠിനവേദന ഒട്ടുവളരെ അനുഭവിച്ചശേഷമാണു് തോക്കു നീട്ടിപ്പിടിച്ചു വെടിവയ്ക്കാൻതന്നേ ഞാൻ പഠിച്ചതു്. എന്നാൽ എപ്പോഴും എൻെറ വെടി ലക്ഷ്യം പിഴച്ചുപോകും. ഒരു ദിവസം എന്തുണ്ടായെന്നു് കേൾക്കണോ? ഞങ്ങളുടെ

ആപ്പീസ്സരുടെ സാന്നിധ്യത്തിൽ ഞാൻ വെടിവെയ്പ്പ പരിശീലിക്കയായിരുന്നു. ചാക്കിൽ ചപ്പും ചവറും വയ്ക്കോലുമിട്ടു നിറച്ചുണ്ടാക്കിയ ഒരു മനുഷ്യകോലം ആയിരുന്നു ലക്ഷ്യം. അതു നമ്മുടെ ശത്രുവാണെന്നു് സങ്കല്പിക്കാൻ എന്റെ ശിക്ഷകൻ എന്നോടു പറഞ്ഞു. അയാളെ എന്റെ തരത്തിനു് കയ്യിൽ കിട്ടിയിരിക്കയാണു്. എന്റെ ആപ്പീസ്സർ മുന്നോട്ടുനീങ്ങി ആ മനുഷ്യകോലത്തിന്റെ മാറിടത്തിൽ ചുവന്ന ചോക്കുകൊണ്ടു് രണ്ടിഞ്ചു വ്യാസമുള്ള ഒരു വൃത്തം അടയാളപ്പെടുത്തി. ഇതു് അയാളുടെ ചങ്കാണെന്നു് സങ്കല്പിച്ചുകൊള്ളാൻ ആപ്പീസർ നിർദ്ദേശിച്ചു. എന്നിട്ടു് അദ്ദേഹം എന്റെ കരവിരുതു കാണ്മാൻ മാറിനിന്നു. ചോരതിങ്ങിയ ആ ഹൃദയമാണു് വെടിയുണ്ടകൊണ്ടു് ഞാൻ പിളർക്കേണ്ടതു്. ഞാൻ സർവ്വാംഗം വിറകൊള്ളുകയായിരുന്നു. ഞാൻ വിയർപ്പിൽ മുങ്ങി. 'ഫൈർ' എന്ന അട്ടഹാസം കേട്ടതും ഞാൻ കണ്ണുമൂട്ടിപ്പോയി. എന്റെ വിരലുകൾ കൊത്തിവലിക്കയും ഞാൻ നിലം പതിക്കയും ഒന്നിച്ചായിരുന്നു. അടുത്തുനിന്ന സഹഭടന്റെ തുടയിൽ ഉണ്ട തുളച്ചു കയറി. കവിണ്ണുവീണ എന്റെ മുതുകിൽ ആപ്പീസ്സരുടെ ഇരുമ്പുലാടം കെട്ടിയ ബൂട്ടു വന്നു വീണപ്പോൾ എന്റെ കണ്ണിൽ മിന്നലുകൾ പാറി. എങ്ങും ഇരുൾ. പിന്നീടൊന്നുമറിഞ്ഞില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞാണു് ഞാൻ പട്ടാളാശുപത്രിയിൽ കിടക്കയാണെന്ന ബോധം എനിക്കുണ്ടായതു്."

"ഇങ്ങനെയിരുന്നാൽ പററില്ല." —ഗോല്ലോണ്ടയുടെ ശൃംഗഭാഗത്തിനു പുറകിൽ ഒളിഞ്ഞുകൊണ്ടിരുന്ന സൂര്യനെ നോക്കിക്കൊണ്ട് അയാൾ തുടന്നു "നിങ്ങളോട് പറയരുതാത്തതു് പലതും ഞാൻ പറഞ്ഞുപോയി. ക്ഷമിക്കണം. നമുക്കു പുറപ്പെടാം."

ഞങ്ങൾ മലകയററം തുടന്നു. ഞാൻ എപ്പോഴും അയാളിൽനിന്നു് ഏതാനും പടികൾ താഴെയാണു് നിന്നതു്. മെല്ലറഞ്ഞ വെടിവയ്പു പരീക്ഷയ്ക്കുശേഷം അയാളെ സൈനികാധികൃതന്മാർ പട്ടാളത്തിൽനിന്നു് പിരിച്ചുവിടുകയാണത്രേ ഉണ്ടായതു്.

ഏറെത്താമസിയാതെ, ഞങ്ങളുടെ കയററം, വലതുവശത്തുയർന്നുനിന്ന ഒരു മതിലിൻെറ ചുവട്ടിലൂടെയായി. മതിലിൽ ഒരിടത്തു് മുകളിലേക്കു കയറാൻ കുത്തുകല്ലുകൾ ഉറപ്പിച്ചിരുന്നു. അതിന്നു് അടുത്തു് തൂക്കിയിരുന്ന ബോർഡിലെ എഴുത്തുകൾ വായിച്ചശേഷം എൻെറ സ്നേഹിതൻ എന്തോ ആലോചനയിൽ മുഴുകി അവിടെത്തന്നെനിന്നു. അയാളെ ഇത്ര ചിന്താമഗ്നനാക്കിയതെന്തെന്നറിയാൻ ഞാൻ അടുത്തുചെന്നു് ബോർഡു വായിച്ചു. സന്ദർശകർ ആ മതിലിൻെറ മുകളിൽ കയറരുതെന്നാണു് അതിൽ എഴുതിയിരുന്നതു്. അല്പം കഴിഞ്ഞു് അയാൾ എൻെറ നേക്കു് തിരിഞ്ഞു പറഞ്ഞു:_ ഞാൻ വിചാരിക്കയായിരുന്നു, ജീവിതം എത്രയെത്ര 'അരുതു്'കളിൽ ചെന്നു മുട്ടി നില്ച്ചുപോകുന്നു! സൈന്യത്തിലുംസമുദായത്തിലും നാട്ടിലും

വീട്ടിലുമെല്ലാം അരുതെന്ന ശാസനമാണ് അധികം ഞാൻ കേട്ടതു്. ഇന്നതു ചെയ്യ എന്നു് പറഞ്ഞു തരാൻ എനിക്കാരുമില്ല, സ്നേഹിത. മദ്യം സേവിക്കരുതു്, പുക വലിക്കരുതു്, മാംസം ഭക്ഷിക്കരുതു്, വ്യഭിചാരം ചെയ്യരുതു് എന്നിങ്ങനെ എത്രയെത്ര അരുതുകളാണു് നമ്മെ വട്ടത്തിലാക്കുന്നതു്! ഇവയ്ക്കുള്ളിൽ അകപ്പെട്ടു് എനിക്കു ഗതി മുട്ടിപ്പോയി, സ്നേഹിത. ഈ അരുതുകളെല്ലാം ഞാൻ ലംഘിച്ചിട്ടുമുണ്ടു്. അങ്ങനെ ഞാൻ സമുദായദ്രോഹിയും കുടുംബദ്രോഹിയും ആർക്കും കൊള്ളരുതാത്തവനും ആയി.''

അയാൾക്കു വിശ്വാസം നിലച്ചപോലെ തോന്നി. ശ്വാസവേഗം കൊണ്ടു് അയാളുടെ നെഞ്ചു് ഉയർന്നമരുന്നതു് ഞാൻ കണ്ടു. നെഞ്ചു തിരുമ്മിക്കൊണ്ടു് അയാൾ ആ മതിലിങ്കൽനിന്നു് പിന്തിരിഞ്ഞു.

ഗോല്ക്കോണ്ടയുടെ ശൃംഗഭാഗത്തിന്റെ അടിവാരത്തിൽ ഞങ്ങൾ എത്തി. പ്രാർത്ഥനാലയമായുപയോഗിച്ചതെന്നു് തോന്നിയ ഒരറയിൽ ഞങ്ങൾ കടന്നു. മേലത്തെ നിലയിൽനിന്നു് കീഴോട്ടിറങ്ങിപ്പോകുന്ന ചില സന്ദർശകർ ഞങ്ങളെ കടന്നുപോയി. അങ്ങനെ മററു മനുഷ്യരുടെ സാന്നിധ്യം ഇടയ്ക്കിടെ ലഭിക്കുന്നതു് എനിക്കു് ആശ്വാസകരമായിരുന്നു. ആൾത്താരയ്ക്കു സമാനമായ ഒരു പീഠത്തിനടുത്തു എന്റെ സ്നേഹിതൻ പ്രാർത്ഥനയിൽ മുഴുകിയപോലെനിന്നു. അയാളെ നോക്കിക്കൊണ്ടു് ഞാൻ കുറേ അകലെ മാറിനിന്നു.

അയാൾ ഒട്ടുവളരെ നേരം അങ്ങനെ നിന്നു. സമയം പോക്കാൻ എടുക്കുന്ന വിദ്യകളായിരിക്കുമോ ഇതെല്ലാം എന്നു് എനിക്കു് പേടിയായി. "വരൂ, നമുക്കു പോകാം" എന്നു പറഞ്ഞു് ഞാൻ അയാളെ ഉണർത്തി. ഉറക്കത്തിൽനിന്നു് ഞെട്ടിയുണർന്നതുപോലെ അയാൾ എന്റെ നേർക്കു തിരിഞ്ഞു.

"ഇതൊരു മുസ്ലിം പ്രാർത്ഥനാലയമായിരുന്നിരിക്കണം. ഞാനൊരു ബ്രാഹ്മണനാണു്, കേട്ടോ. പക്ഷേ, ഇവിടെവച്ചും ഞാൻ പ്രാർത്ഥിക്കയായിരുന്നു. ഏതൊരു ദേവാലയം കണ്ടാലും ഞാൻ പ്രാർത്ഥിച്ചുപോകും. അത്രവളരെ പ്രാർത്ഥിക്കാനുണ്ടു് എനിക്കു്. യാതൊരു പ്രാർത്ഥനകൊണ്ടും കഴുകി വെടുപ്പാക്കാനാവാത്തവണ്ണം എന്റെ ആത്മാവു് മലീമസമാണു്." മേൽത്തട്ടിലേക്കുള്ള പടികൾ അയാൾ കയറിത്തുടങ്ങി.

സാമാന്യം വിശാലമായ ഒരു മട്ടുപ്പാവാണു് ആ മേൽത്തട്ടു്. അതിന്റെ കിഴക്കരുകിൽ പത്തുപതിഞ്ചടി ഉയരത്തിൽ ഒരു പീഠം കെട്ടിയിട്ടുണ്ടു്. ഗോല്ക്കൊണ്ടയുടെ ഉച്ചിക്കുടുമ പോലെയാണാ പീഠം. എന്റെ സ്നേഹിതൻ അതിന്മേൽ കയറി നാലുപാടും കണ്ണോടിച്ചു. ഡെക്കാൻ പീഠഭൂമി വളരെ ദൂരംവരെ ആ ഉന്നത പീഠത്തിൽ നിന്നുകൊണ്ടു കാണാം. നവാബിന്റെ സൈനികന്മാർ ശത്രുസേനകളുടെ നീക്കങ്ങൾ വളരെ അകലെവച്ചുതന്നേ കണ്ടുപിടിച്ചു പ്രതിരോധിക്കാൻ ഈ പീഠത്തിൽനിന്നു് നിരീക്ഷണം നടത്തുക പതിവാ

യിരുന്നുവെന്നു് എന്റെ സ്നേഹിതൻ പറഞ്ഞു. ചക്രവാളങ്ങളോളം വിരിച്ചിട്ടിരിക്കുന്ന ഒരു റിലീഫ് മേപ്പ് പോലുള്ള ആ ദക്ഷിണ പീഠദേശദൃശ്യം അവിടെനിന്നു കൊണ്ടു കാണ്മാൻ അയാൾ എന്നെ ക്ഷണിച്ചു. ഞാൻ കൂട്ടാക്കിയില്ല. അത്ര ഉയരത്തിൽനിന്നു് കീഴോട്ടു നോക്കിയാൽ എനിക്കു് തല ചുററുമെന്നു് ഞാൻ ഒഴികഴിവു പറഞ്ഞു. പിടിച്ചു നില്ക്കാൻ അഴികൾപോലുമില്ലാത്ത ഇടുങ്ങിയ പീഠത്തിൽ അയാളോടൊപ്പം കയറി നില്ക്കാൻ എനിക്കു് ധൈര്യം വന്നില്ല. അയാൾക്കു് പാതകോദ്ദേശ്യം ഒന്നുമില്ലായിരിക്കാം. എങ്കിലും അയാളുടെ ബുദ്ധിക്കു നല്ല സ്ഥിരതയില്ല. അയാൾക്കു് ഒരു നിമിഷത്തേക്കു തോന്നുന്ന വല്ല വിഭ്രാന്തിയും പോരേ, എന്നെ കഴുത്തിനു പിടിച്ചു ഗോല്ലൊണ്ടയുടെ അടിവാരത്തിലേക്കു് തള്ളുവാൻ?

ഏതാനും മിനുററുകൾക്കു ശേഷം അയാൾ ആ പീഠത്തിൽനിന്നു് ഇറങ്ങിവന്നു. അന്തിവെയിലിൽ കുളിച്ചു കിടന്ന ആ മട്ടുപ്പാവിന്റെ പടിഞ്ഞാറേ അരുകിലേക്കു് ഞങ്ങൾ നടന്നു—സൂര്യന്റെ പൊൻനൂലുകൾ പോലത്ത രശ്മികളുടെ തുളച്ചുകയററത്തിൽനിന്നു് കണ്ണുകൾ രക്ഷിക്കാൻ, സലാം വയ്ക്കുന്നപോലെ കൈ നെററിക്കൊപ്പം ഉയർത്തിപ്പിടിച്ചു കൊണ്ടു് അയാൾ മുമ്പിലും ഞാൻ ഏതാനും അടി അകലെ പിമ്പിലും. പടിഞ്ഞാറേ അരുകിൽ കതവുകൾ വച്ചിട്ടില്ലാത്ത ഒരു ഇരുമ്പുവാതൽ ഉണ്ടു്. എന്റെ സ്നേഹിതൻ ആ വാതലിലെത്തി, സൂര്യരശ്മികൾക്കു് സലാം വച്ചുകൊണ്ടു

തന്നേ പടിഞ്ഞാട്ടു നോക്കിനിന്നു. ഞാൻ അയാളുടെ ഒട്ടു പിമ്പിലായി ചെന്നുനിന്നു് വെളിയിലേക്കു് നോക്കി. വാസ്തവം പറയട്ടെ, ഞാൻ ഞെട്ടി പിൻമാറിപ്പോയി. അത്ര ഭയാനകമായ കാഴ്ചയാണു് ഞാൻ കാണുന്നതെന്നു് എനിക്കു തോന്നി. കട്ടുംതൂക്കായി നില്ക്കുന്ന ഒരു പാറക്കെട്ടിൽനിന്നു് പടുത്തുയർത്തിയ പുറമതിലിൻെറ വക്കിലാണു് ഞങ്ങളുടെ നില. ഒന്നു വേച്ചുപോയാൽമതി; അടുത്ത ക്ഷണം നിങ്ങൾ അപാരതയിൽ എത്തിക്കഴിയും. അല്പം കിഴക്കോട്ടു പാഞ്ഞു വിസ്തൃതമായ ഒരു മൈതാനപ്രദേശം ആ പാറക്കെട്ടിൻെറ കാലടികളിൽ കുമ്പിട്ടു കിടക്കുന്നു.

"അതാ, അങ്ങകലെ കാണുന്നില്ലേ ഒരു മണ്ഡപം?" എൻെറ സ്നേഹിതൻ പടിഞ്ഞാറോട്ടു കൈ ചൂണ്ടിക്കൊണ്ടു പറഞ്ഞു. മണ്ഡപം കാണ്മാൻ അടുത്തു ചെല്ലുന്നതിന്നു് അയാൾ എന്നെ ക്ഷണിച്ചു. ഞാൻ എങ്ങനെ അടുത്തുചെല്ലും? ആ മട്ടുപ്പാവിൽ അപ്പോൾ സന്ദർശകരാരുമില്ലായിരുന്നു. മനുഷ്യശബ്ദമോ മനുഷ്യസാന്നിദ്ധ്യസൂചകമായ മറ്റെന്തെങ്കിലുമോ അവിടെങ്ങുമില്ലായിരുന്നു. ഒരുവേള, അയാൾ തൻെറ നീചോദ്ദേശ്യം നടപ്പിലാക്കാനുള്ള പുറപ്പാടായിരിക്കുമോ? ഞാൻ മുമ്പോട്ടു നീങ്ങാൻ കൂട്ടാക്കിയില്ല. നിന്നിടത്തു നിന്നുകൊണ്ടുതന്നേ, ആ മണ്ഡപം കാണുന്നുണ്ടെന്നു് ഞാൻ അഭിനയിച്ചു.

"ആ മണ്ഡപമില്ലേ?" അയാൾ തുടന്നു "അവിടെ വച്ചാണു് കുററവാളികൾക്കു് വധശിക്ഷ നല്കി വന്നതു്. നവാബിൻെറ അന്തിമാനുമതിക്കായി ആരാച്ചാർ കാത്തിരിക്കുമത്രേ. ഈ വാതല്ക്കൽ നിന്നുകൊണ്ടു് നവാബു നല്കുന്ന ആംഗ്യമായിരുന്നത്രേ കുററവാളിയുടെ വിധി നിർണ്ണയിക്കുന്നതു്. ആംഗ്യത്തിൻെറ ഗതിയെന്തെന്നറിയാൻ പിടയ്ക്കുന്ന ഹൃദയവുമായി എത്രയെത്ര ആത്മാക്കൾ ആ മണ്ഡപത്തിൽനിന്നു് ഇവിടേക്കു് ഉററുനോക്കിയിട്ടുണ്ടു്! ചില കുററവാളികളെ ഈ വാതല്ക്കൽനിന്നു് കുടുംതുക്കിലൂടെ കീഴോട്ടെറിഞ്ഞും കൊന്നുകളഞ്ഞിട്ടുണ്ടെന്നാണു് പറയുന്നതു്."

എൻെറ നട്ടെല്ലിനുള്ളിലൂടെ ഒരു കിരുകിരുപ്പു് അരിച്ചുകയറി തലച്ചോറിൽ പരക്കുന്നതായിതോന്നി അയാളുടെ പരിഗണനയിൽ ഞാനൊരു കുററവാളിയായിരിക്കാം. അവധിദിവസങ്ങളിൽ നാടു ചുററാൻ പണം മുടക്കുന്നതു് വധശിക്ഷാർഹമായ കുററമാണെന്നു് അയാൾ തീരുമാനിച്ചിട്ടുണ്ടെങ്കിൽ! നവാബിൻെറ വധതന്ത്രം അയാൾ എൻെറ മേൽ പ്രയോഗിക്കാൻ പോകയാണോ? ദൈവമേ! ഞാൻ അടിമുടി വിയർപ്പിൽ മുങ്ങിക്കുളിച്ചു. അവിടെനിന്നു് ഓടി രക്ഷപ്പെടണമെന്നു് എനിക്കു തോന്നി. പക്ഷേ, പേടിസ്വപ്നം കാണുന്നവൻെറ അവശതയാണപ്പോൾ എനിക്കനുഭവപ്പെട്ടതു്. വളരെ പണിപ്പെട്ടു് മട്ടുപ്പാവിൻെറ തെക്കേവശത്തെ ഭിത്തിയുടെ നിഴൽ പററി ഞാൻ ചാരി നിന്നു.

വാതൽപ്പടിയിൽ കട്ടംത്തുക്കിന്റെ വക്കിൽ അയാൾ നിരാലംബമായ ആ നിലയിൽ അങ്ങനെ തന്നെ നിന്നു. ചുമരിൽ വടന്നു വാടിയ വള്ളിപോലെ, ഞാൻ മിണ്ടാതെ നോക്കിനിന്നു. ഏതാനും മിനുററുകൾക്കു ശേഷമാണു് എനിക്കു തന്റേടം വീണ്ടു കിട്ടിയതു്. അയാളുടെ ആ നിലപാട്ടു് ആപൽക്കരമാണെന്ന ബോധം പൊടുന്നനേ എന്നിൽ ഉദയം ചെയ്തു. വല്ല മാനസിക വിഭ്രാന്തിക്കുമിടയിൽ അയാൾ അവിടെനിന്നു് കീഴ്പെട്ടു കതിച്ചുകളഞ്ഞെങ്കിലോ. എന്നായി പിന്നത്തെ എന്റെ ഭയം. "അവിടെനിന്നു മാറിനിൽക്കു, നിങ്ങൾ വീണുപോകും" എന്നു് ഞാൻ വിളിച്ചു പറഞ്ഞുപോയി. അയാൾ ഞെട്ടിത്തിരിഞ്ഞുനോക്കി. ഒരു വിചിത്ര ജീവിയെക്കാണുംപോലെ അയാൾ എന്നെ തുറിച്ചു നോക്കി. ആ നോട്ടം എനിക്കു ദുസ്സഹമായിരുന്നു. "വരു നമുക്കു പോകാം" എന്നു പറഞ്ഞുകൊണ്ടു് ഞാൻ അവിടെനിന്നു് വളരെ വേഗം നടന്നു് മട്ടുപ്പാവിൽനിന്നു് കീഴ്പെട്ടിറങ്ങി.

ഞങ്ങൾ കയറിവന്ന വഴിയേതന്നേ ഞാൻ ഇറങ്ങിപ്പോകയായിരുന്നു. അതുകണ്ടു്, എന്റെ കൂട്ടുകാരൻ എന്നെ പിമ്പിൽനിന്നു വിളിച്ചു. "അതിലേയല്ല നമുക്കു പോകേണ്ടതു്. ഇടത്തൂടെ പോകുന്ന പാതയില്ലേ? അതിലേ ഇറങ്ങണം." വന്ന വഴിയേതന്നേ മടങ്ങാൻ ഞാൻ താൽപര്യപ്പെട്ടു. പുതിയ ആപൽസ്ഥാനങ്ങളിൽ ചെന്നു് അകപ്പെടാൻ എനിക്കിഷ്ടമില്ലായിരുന്നു. എന്നാൽ വന്നവഴിയേ മടങ്ങിയാൽ, ഇനിയും കാണേണ്ട

ചിലതൊക്കെ കാണാൻ പററില്ലെന്നു് അയാറം അറി യിച്ചു. അപ്പോഴേക്കു് അയാറം എൻെറ ഒപ്പം എത്തി ക്കഴിഞ്ഞു. ഇടത്തോട്ടു തിരിയുന്ന വഴിയിൽ കയറി അയാറം നടന്നുതുടങ്ങി; ഞാൻ അനുഗമിച്ചു.

കുറേദൂരം കീഴോട്ടു ചെന്നപ്പോറം, ഞങ്ങളുടെ ഇട ത്തുവശത്തു് ഉയന്നു നില്ക്കുന്ന ഒരു കരിങ്കൽപടിക്കെട്ടു കണ്ടു. അതു ചെന്നു ചേരുന്നതു് ഒരു ചെറിയ അമ്പ ലത്തിലാണു്. അതിൻെറ നടയിൽ ഒരു പൂജാരി കുത്തിയിരുപ്പുണ്ടായിരുന്നു. മുസ്ലിം ഭരണാധിപന്മാരുടെ ആസ്ഥാനമായിരുന്ന ആ കോട്ടയിൽ ഹൈന്ദവ ദേവാ ലയം എങ്ങനെയുണ്ടായി എന്നു് എൻെറ സഹയാ ത്രികൻ അത്ഭുതപ്പെട്ടു. അതു പില്ക്കാലത്തു സ്ഥാപിച്ച തായിരക്കണമെന്നു് അയാറം ഊഹിച്ചു. ഞാൻ മുമ്പോ ട്ടു നടന്നു തുടങ്ങിയപ്പോറം, "അല്പം നില്ക്കണേ" എന്നു പറഞ്ഞു് അയാറം പടിക്കെട്ടു കയറി. അയാറം കയറി ച്ചെല്ലുന്നതു കണ്ടു് പൂജാരിയെഴുന്നേററു് അമ്പലനട യിൽ തൂക്കിയിരുന്ന മണിയടിച്ചു. അയാറം കൈകറം കൂപ്പി ധ്യാനനിമഗ്നനായി കുറേനേരം നിന്നു. പിന്നീടു കണ്ണു തുറന്നു്, പൂജാരി നീട്ടിയ പ്രസാദം വാങ്ങി നെ ററിയിലും മാറിലും പൂശി. അയാറം പാൻറിൻെറ കീശയിൽ തപ്പി ഏതോ ഒരു ചെറുനാണയം കണ്ടെ ടുത്തു്, അവിടെ സ്ഥാപിച്ചിരുന്ന വഞ്ചികയിൽ നി ക്ഷേപിച്ചു. അയാറം പടിക്കെട്ടിറങ്ങി വരുമ്പോറം കൈലേസുകൊണ്ടു് കണ്ണു തുടയ്ക്കുന്നുണ്ടായിരുന്നു.

"നിങ്ങൾക്ക് പ്രാർത്ഥനയിൽ വിശ്വാസമില്ലായിരിക്കാം."—എന്റെ അടുത്ത് എത്തിയപ്പോൾ അയാൾ പറഞ്ഞു. "വാസ്തവത്തിൽ എനിക്കും വിശ്വാസമുണ്ടെന്ന് പറഞ്ഞുകൂടാ. എങ്കിലും ഏതു ദൈവത്തിന്റെ മുമ്പിലും പ്രാർത്ഥിക്കാൻ ഞാൻ ഇന്ന് തയ്യാറാണ്. എന്റെ പാവപ്പെട്ട അച്ഛനെയോർക്കുമ്പോൾ ........ഞാൻ എങ്ങനെ പ്രാർത്ഥിക്കാതിരിക്കും?" അയാളുടെ കണ്ണും ഇടറുന്നുണ്ടായിരുന്നു. "അദ്ദേഹത്തിന്റെ ആത്മാവിനു ശാന്തി ലഭിക്കാൻ എവിടെ വേണെങ്കിലും ഏതു ദൈവത്തോടു വേണെങ്കിലും ഞാൻ പ്രാർത്ഥിക്കാൻ ഒരുക്കമാണ്. അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ എനിക്കു കഴിയുമോ എന്നാണ് ഞാൻ ചിന്തിക്കുന്നത്."

"അപ്പോൾ നിങ്ങളുടെ അച്ഛൻ മരിച്ചുപോയി, അല്ലേ?" ഞാൻ ചോദിച്ചു. "നിങ്ങളുടെ നഷ്ടത്തിൽ ഞാൻ ഖേദിക്കുന്നു. പക്ഷേ, അച്ഛന്റെ ആത്മാവിന് ശാന്തികിട്ടില്ലെന്ന് നിങ്ങൾ പറയുന്നത് എനിക്കു മനസ്സിലാവുന്നില്ല."

"ഞാൻ അച്ഛന്റെ ഏകപുത്രനാണ്. അദ്ദേഹത്തിന്റെ മരണശേഷം മകൻ ചെയ്യേണ്ട ക്രിയകൾ നടത്താൻ എനിക്കു കഴിഞ്ഞില്ല. ഞാൻ അതിന്ന് അർഹനല്ലെന്ന് എന്റെ വീട്ടുകാർ വിധിച്ചു. എന്റെ മൂത്തസഹോദരിയുടെ മകനെക്കൊണ്ടാണ് അവർ കർമ്മങ്ങൾ ചെയ്യിച്ചത്. എന്നെ അവർ ഭ്രഷ്ടനും പതിതനുമായിക്കരുതി."

"എന്തുകൊണ്ടാണു് അവർ അങ്ങനെ ചെയ്തതു്?"

"എന്റെ കൊള്ളരുതായ്മകൊണ്ടു്. മരിക്കാൻ കിടന്ന അച്ഛനെ ചെന്നുകാണ്മാൻ ഞാൻ കൂട്ടാക്കിയില്ല. ഉടൻ പുറപ്പെടാൻ കമ്പികിട്ടിയിട്ടും ഞാൻ പോയില്ല."

"എന്തുകൊണ്ടു്?"

"അക്കഥയൊക്കെ ഞാൻ എങ്ങനെ നിങ്ങളോടു പറയും? കണ്ണീരു പൊഴിക്കുന്ന ഒരു പെൺപിശാചു എന്നെ ബാധിച്ചു എന്നു വേണെങ്കിൽ ചുരുക്കിപ്പറയാം."

ആ പെൺപിശാചുബാധയുടെ കഥ കേൾക്കാൻ ഞാൻ കൗതുകം പ്രകടിപ്പിക്കയും കഥ പറയാൻ അയാളെ പ്രോത്സാഹിപ്പിക്കയും ചെയ്കയാൽ അയാൾ ഇപ്രകാരം തുടന്നു:

"നിങ്ങൾ സ്റ്റേഷനിൽവച്ചു് എന്നോടു ചോദിച്ചില്ലേ, ഞാൻ എവിടേയ്ക്കാണെന്നു്. അപ്പോൾ ഞാൻ നല്കിയ മറുപടി നിങ്ങൾ ഓക്കുന്നുണ്ടോ?"

"ബസപാഡയ്ക്കു പോകണമെന്നല്ലേ നിങ്ങൾ പറഞ്ഞതു്?"

"അതേ. പക്ഷേ, ഞാൻ എവിടേയ്ക്കും പോകാൻ പുറപ്പെട്ടതല്ല. ബസപാഡയിൽ കിടന്നാണു് എന്റെ അച്ഛൻ മരിച്ചതു്. അതിൽപിന്നീടു് എങ്ങോട്ടുപോയാലും ബസപാഡയ്ക്കു പോകുന്നുവെന്നേ ഞാൻ പറയൂ.

അങ്ങനെ പറയാതിരിക്കാൻ എത്ര ശ്രമിച്ചിട്ടും കഴിയു ന്നില്ല. എങ്ങോട്ടു പുറപ്പെട്ടാലും, ഞാൻ വാസ്തവത്തിൽ പോകേണ്ടതു് ബസ്സാന്ഡയ്ക്കാണെന്ന ബോധം എന്നെ അസ്വസ്ഥനാക്കിക്കൊണ്ടിരിക്കും. അതിനാൽ ആരു ചോദിച്ചാലും പെട്ടെന്നു പറയും ബസ്സാന്ഡക്കു പോക യാണെന്നു."

അയാളുടെ ഹൃദയം ഞെരിച്ചു വീപ്പുമുട്ടിക്കുന്ന മാന സികപീഡയുടെ മൂലകാരണമെന്തെന്നു് എനിക്കു മനസ്സിലാകുന്നതായിത്തോന്നി. അച്ഛന്റെ അന്ത്യനി മിഷങ്ങളിൽ അദ്ദേഹത്തോടുകൂടി ഉണ്ടായിരിക്കാൻ കഴി യാതെ പോയതും മരണശേഷം പിതൃക്രിയകൾ ചെയ്യാ തിരുന്നതും മഹാപരാധമായിപ്പോയി എന്നു് അയാൾ വിശ്വസിക്കുന്നു. ആ കുററബോധം അയാൾക്കൊരു ഒഴിയാബാധയായിത്തീന്നിരിക്കയാണെന്നു് ഞാൻ ഊ ഹിച്ചു. അതേവരെ ഞങ്ങൾ ചെയ്തുകൊണ്ടിരുന്നതിന്നു വിപരീതമായി അപ്പോൾ ഞാൻ മുമ്പിലും അയാൾ പിമ്പിലുമായിട്ടാണു് നടക്കുന്നതെന്ന വസ്തുത എന്റെ ശ്രദ്ധയിൽ പെട്ടു. ഞാൻ കുറെ നാടകീയമായ മട്ടിൽ അയാളുടെ നേക്കു തിരിഞ്ഞു. അയാളുടെ ഓജസ്സററ കണ്ണുകളിലേക്കു് ഉററുനോക്കിക്കൊണ്ടു് ഞാൻ പറഞ്ഞു:

"സ്നേഹിത, മി. റാവു, ഞാനൊരു വസ്തുത നിങ്ങ ളെ അറിയിക്കട്ടെ."—അയാളുടെ കണ്ണുകൾ ജിജ്ഞാ സകൊണ്ടു വിടന്നു. ഞാനിങ്ങനെ തുടന്നു: "നിങ്ങ ളുടെ അച്ഛൻ നിങ്ങളെ എത്രമാത്രം സ്നേഹിച്ചിരുന്നു എന്നു് നിങ്ങൾക്കോമ്മയില്ലേ?"

"ഓർമ്മയുണ്ട്. പക്ഷേ, എൻെറ പാവപ്പെട്ട അച്ഛനെ ഞാൻ വേണ്ടത്ര സ്നേഹിച്ചില്ല. അമ്മ എൻെറ ചെറുപ്പത്തിലേ മരിച്ചു. പിന്നീട് അദ്ദേഹം എനിക്ക് അച്ഛനും അമ്മയും എല്ലാമായിരുന്നു."

"സ്നേഹനിധിയായ ആ അച്ഛൻ നിങ്ങളുടെ എല്ലാ അപരാധങ്ങളും ക്ഷമിച്ചു എന്ന് നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുന്നില്ലേ?"

"കൃതഘ്നനായ എൻെറ അപരാധങ്ങൾ ക്ഷമിക്കപ്പെട്ടുകയോ!"

"അതേ. പുത്രസ്നേഹത്തിൻെറ ആഴം മുഴുവൻ കാണ്മാൻ നിങ്ങൾക്കിനിയും കഴിഞ്ഞിട്ടില്ലെന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ പറയുന്നു: നിങ്ങളെപ്പററിയുള്ള സ്നേഹം നിറഞ്ഞ ഓർമ്മകളോടുകൂടിയാണ് നിങ്ങളുടെ അച്ഛൻ ഒടുക്കത്തെ ശ്വാസം വലിച്ചത്."

"അത് നിങ്ങൾക്കെങ്ങനെ അറിയാം. നിങ്ങളൊരു ദൈവജ്ഞനാണോ?"

"അല്ല, ഞാൻ ദൈവജ്ഞനല്ല. എങ്കിലും ഈ വക കാര്യങ്ങളിൽ എൻെറ ഭൂതോദയം അധികം തെററാറില്ല. നിങ്ങളോടുള്ള നിറഞ്ഞ സ്നേഹത്തിൻെറ പ്രകാശമല്ലാതെ ദ്വേഷത്തിൻെറ കാളിമയുടെ കണികയെങ്കിലും പരലോകത്തേക്കു പറക്കാൻ ചിറകു വിരുത്തിയ ആ ആത്മാവിലില്ലായിരുന്നു എന്ന് വിശ്വസിക്കുക. അങ്ങനത്തെ ആത്മാവിന് ശാന്തിയുണ്ടായിട്ടില്ലെന്നു കരുതുന്നതു് തികച്ചും വിഡ്ഢിത്തമാണ് - ആരു് എന്തൊക്കെപ്പറഞ്ഞാലും."

"ശരിയാണ്; എന്റെ അച്ഛന് ഞാൻ ജീവനായിരുന്നു. ഞാൻ എന്തൊക്കെ അപരാധങ്ങൾ ചെയ്താലും എന്നെക്കാണുമ്പോൾ അച്ഛൻ അതൊക്കെ മറക്കും. എന്റെ തെററുകൾ ഒന്നും അറിഞ്ഞിട്ടില്ലെന്ന മട്ടിലായിരുന്നു എന്നെ സ്വീകരിക്കുക—പക്ഷേ, ആ അന്ത്യനിമിഷത്തിൽ എന്നെക്കാണ്മാൻ ഉഴറിയ ആ കണ്ണുകൾക്ക് തൃപ്തിനല്കാൻ എനിക്കു കഴിഞ്ഞില്ലല്ലോ! 'നിന്നെ കണ്ടുകൊണ്ടുവേണം മോനേ, എന്റെ ജീവൻ എടുക്കാൻ' എന്ന് അച്ഛൻ എന്നോടു പലതവണ പറഞ്ഞിരുന്നു."

ഗദ്ഗദംകൊണ്ട് അയാൾക്ക് വാക്കുകൾ ഇടറി. നെഞ്ചു പൊട്ടിപ്പോകാൻ തുടങ്ങുമ്പോൾ എന്നവണ്ണം അയാൾ നെഞ്ചിൽ കൈകൊണ്ട് അമർത്തിപ്പിടിച്ചു. അയാളുടെ കാലുകൾ നിലത്തുറയ്ക്കാതെ വേച്ചുവേച്ചു പോകുന്നുണ്ടായിരുന്നു. പാരവശ്യംകൊണ്ടു തളർന്ന് അയാളുടെ തല ഒരുവശത്തേക്കു ചാഞ്ഞു. ഞാൻ അയാളെ താങ്ങി. കൊടിയ ഭാരം ചുമന്ന് വളരെദൂരം സഞ്ചരിച്ചു വന്ന ചുമട്ടുകാരൻ വഴിയരുകിൽ കണ്ടെത്തിയ അത്താണിയെ സമീപിക്കുംപോലെ അയാൾ തന്റെ മുഴുഭാരത്തോടുകൂടി എന്റെ തോളിലേക്കു ചാഞ്ഞു. ദുർബ്ബലകായനായ ഞാൻ അയാളോടൊപ്പം വേച്ചുപോകുന്നതു കണ്ടു അയാൾ "ക്ഷമിക്കണേ" എന്നു പറഞ്ഞു് നിലയുറപ്പിച്ചു നിന്നു.

"ആ പെൺ പിശാചു ബാധിച്ച കഥ പറഞ്ഞില്ലല്ലോ" എന്ന് ഞാൻ അയാളെ ഓർപ്പിച്ചു.

"ഓ ശരി. അതിനിടയ്ക്കു് ഞാൻ എന്നെത്തന്നേ മറന്നെന്നു തോന്നുന്നു. പെൺ പിശാചെന്നു് ഞാൻ പറഞ്ഞില്ലേ? അതെന്റെ ഭാര്യയെപ്പററിയാണു്. ഞങ്ങൾ അന്നു് സെന്തോമസ് മൗണ്ടിൽ മിലിട്ടറി ക്വാർട്ടേർസിൽ താമസിക്കയായിരുന്നു. അവൾ പൂർണ്ണഗർഭിണിയായിരുന്നു. സുഖമില്ലാതെ കിടപ്പിലായിരുന്ന അച്ഛനു് എന്നെ കാണണമെന്നും ഞാൻ ഉടനെ പുറപ്പെടണമെന്നും പറഞ്ഞു് ആദ്യം എനിക്കു കത്തുകിട്ടി. പോകാൻ എന്റെ ഭാര്യ എന്നെ അനുവദിച്ചില്ല. രണ്ടാഴ്ചയ്ക്കുശേഷം അച്ഛന്റെ നില ആപൽക്കരമായിരിക്കുന്നുവെന്നു് ഒരു ദിവസം എനിക്കു് കമ്പിവന്നു. വാസ്തവത്തിൽ അദ്ദേഹം അപ്പോഴേക്കും മരിച്ചിരുന്നു. ഞാൻ അതു് ഊഹിക്കാതിരുന്നില്ല. അന്നുതന്നേ ഞാൻ ബസ്വാഡയ്ക്കു പോകയാണെന്നു് ഗൗരിയോട്—എന്റെ ഭാര്യയോടു്—പറഞ്ഞു. തന്നെ തനിയെ വിട്ടു പോകാൻ പാടില്ലെന്നു് അവൾ വിലക്കി. അവളെ അയല്പക്കാരായ ചില സ്നേഹിതരെ ഏല്പിച്ചിട്ടു പോകാമെന്നും പ്രസവത്തിന്നു് ഇനി ഏതാനും ദിവസങ്ങൾ കൂടിയുണ്ടെന്നും പെട്ടെന്നു് അസുഖമെന്തെങ്കിലുമുണ്ടായാൽതന്നേ അടുത്തുള്ള മിലിട്ടറി ഹോസ്പിററലിൽ അയല്പക്കാർ അവളെ ആക്കുമെന്നും മററും ഞാൻ പലതും പറഞ്ഞുനോക്കി. അവൾ സമ്മതിച്ചില്ല. അവളെ തനിച്ചാക്കിയിട്ടു ഞാൻ പോയാൽ അവൾ ചത്തുകളയുമെന്നു് അവൾ ഭീഷണിപ്പെടുത്തി. അവളുടെ ഈ വകതിരിവുകെട്ട സംസാരം കേട്ടു് എനിക്കു് ദുസ്സഹ

മായ കോപം വന്നു. 'നീ ചത്താലും ഇരുന്നാലും ശരി, എനിക്കെൻെറ അച്ഛനെ കാണണം' എന്നു പറഞ്ഞു കൊണ്ടു് ഞാൻ വാതല്ക്കലേക്കു് നടന്നു. അവരം പാഞ്ഞുവന്നു് എന്നെ ഉടുപ്പടക്കം പിടിച്ചു മുറുക്കി ഉച്ചത്തിൽ കരയുവാൻ തുടങ്ങി. വാസ്തവത്തിൽ ഞാൻ അപ്പോരം എന്നെത്തന്നേ മറന്നു. അവളുടെ ചുമലുകളിൽ പിടിച്ചു ഞാൻ അവളെ ബലമായി പിന്നോട്ടു തള്ളി. ഒരു ഭൂതബാധിതൻെറ ബലം അപ്പോരം എനിക്കുണ്ടായിരുന്നു. അവരം മലന്നടിച്ചു വീണു. പിന്നത്തെ കാഴ്ച ഓക്കുന്നതുതന്നേ ദുസ്സഹം. അവളുടെ കണ്ണു മേല്പെട്ടു മറിഞ്ഞു മറിഞ്ഞു കയറി. വായിൽനിന്നു് നുരയും പതയും പുറപ്പെട്ടു. ഞാൻ അവളെ ഏതെങ്കിലും തരത്തിൽ ദേഹോപദ്രവം ഏല്പിക്കുന്നതു് അന്നു് ആദ്യമായിട്ടായിരുന്നു. അതു് അവസാനത്തേതുമായിരിക്കുമെന്നു് എനിക്കുതോന്നുന്നു. എൻെറ ഉദ്ദേശ്യങ്ങളെല്ലാം അമ്പേ തകന്നുപോയി എന്നു് ചുരുക്കിപ്പറയട്ടെ. അയല്ക്കാരായ സ്നേഹിതരുടെ സഹായത്തോടെ ഗൗരിയെ ഞാൻ ആശുപത്രിയിലാക്കി. അന്നുരാത്രി അവരം ഞങ്ങളുടെ മോഹനെ പ്രസവിച്ചു."

"പിന്നീടു നിങ്ങരം ബസ്പ്രാഡഷും പോയില്ല?" ഞാൻ ചോദിച്ചു.

"പോയി. രണ്ടാഴ്ച കഴിഞ്ഞു്."

"അപ്പോഠ ഭാര്യ തടസ്സമൊന്നും പറഞ്ഞില്ല; അല്ലേ?"

"അതല്ലേരസം. അവഠ തടസ്സം പറഞ്ഞില്ലെന്നു മാത്രമല്ല; വാസ്തവത്തിൽ അവഠ എന്നെ അടിച്ചോടിക്കയാണു് ചെയ്തതു്."

"ങേ! — അടിച്ചോടിക്കയോ?"

## മൂന്നു്

"അതേ, അത്ഭുതന്നേയാണുണ്ടായതു്. ഇത്രയും പറഞ്ഞ സ്ഥിതിക്കു് അതും നിങ്ങളോടു പറകതന്നേ. എന്റെ ഭാൎയ്യക്കു് വിചിത്രമായ ഒരു സ്വഭാവമുണ്ടു്; അവൾ ഇതിനകം മൂന്നുതവണ ഗൎഭിണിയായി. ആദ്യത്തെ പ്രസവത്തിലുള്ളതാണു് മോഹനൻ. രണ്ടാമത്തേതു് ഒരു പെൺകുട്ടിയായിരുന്നു. പ്രസവിച്ചു ഒരു മാസം കഴിയുംമുമ്പു് അതു് ചത്തുപോയി. മൂന്നാമത്തെ ഗൎഭം ഇയ്യിടെ അലസിപ്പോയി. ഈ മൂന്നു പ്രാവശ്യവും ആശുപത്രിയിൽനിന്നു വന്നയുടനേ അവൾക്കെന്നോടു കടുത്ത വെറുപ്പും വിദ്വേഷവുമായി. ഞാൻ അവളെ നോക്കുന്നതോ അവളുടെ അടുത്തു് ചെല്ലുന്നതോ സംസാരിക്കുന്നതോ ഒന്നും അവൾക്കിഷ്ടമില്ല. ഞാൻ തനിച്ചു ഒരു മുറിയിൽ ഉറങ്ങിക്കൊള്ളണം. ഞാൻ എവിടെങ്കിലും പോയാൽ അവൾക്കേററവും തൃപ്തിയായിരിക്കും. ഇങ്ങനെ കുറെ മാസങ്ങൾ ഞാൻ ഭ്രഷ്ടനായിക്കഴിയണം. പിന്നീടു അവൾ ക്രമേണ ഞാനുമായി അടുത്തു തുടങ്ങും. കുറേക്കാലത്തേക്കു് അങ്ങേയററത്തെ സ്നേഹം പ്രകടിപ്പിക്കും. അടുത്ത പ്രസവത്തിനു് ആശുപത്രി

യിൽ പോകുംവരെ അങ്ങനെ കഴിയും. മോഹനനെ പ്രസവിച്ച ശേഷം ആശുപത്രിയിൽനിന്നു വന്നപ്പോൾ തുടങ്ങി എന്നോട് അവൾ ഈ വിരോധം കാട്ടുവാൻ. ഞാൻ എവിടെയെങ്കിലും പൊയ്ക്കൊള്ളണമെന്നായിരുന്നു. അങ്ങനെയാണ് ഞാൻ ബസ്രാഡയ്ക്കു പോയതു്. അച്ഛൻ മരിച്ചിട്ടു തിരിഞ്ഞുനോക്കാതിരുന്ന ഞാൻ, എൻെറ ബന്ധുജനങ്ങളുടെ ദൃഷ്ടിയിൽ, ഒരു മഹാപാപിയായി. ആരും എന്നോട് ഒരക്ഷരം ഉരിയാടിയില്ല. ബസ്രാഡയിൽ തന്നെ എൻെറ മൂത്ത സഹോദരിയും ഭർത്താവുമുണ്ട്. അവരാണ് കർമ്മാദികൾ നടത്താൻ ഏർപ്പാടു ചെയ്തതു്. അതിലൊന്നിലും എന്നെ സംബന്ധിപ്പിച്ചില്ല. എൻെറ വിവാഹത്തിൻെറ ശേഷം ഞാൻ അച്ഛനെ മറന്നുകളഞ്ഞു എന്നായിരുന്നു അവരുടെ കുററാരോപണം. അതു് കുറെ വാസ്തവമാണെന്നു് എനിക്കു തന്നെ ബോധമുണ്ട്. പണ്ടത്തെപ്പോലെ അച്ഛനു് പണം അയച്ചു കൊടുക്കാൻ എൻെറ ഭാര്യ എന്നെ അനുവദിച്ചില്ല. ആണ്ടിൽ ഒന്നും രണ്ടും തവണ അച്ഛനെ പോയിക്കാണുന്ന പതിവും ഗൗരിക്കു സമ്മതമല്ലായിരുന്നു. ഈവക കാര്യങ്ങളിൽ അവളുടെ ഹിതങ്ങൾ, ഉള്ളിൽ എതിർപ്പോടുകൂടിയാണെങ്കിലും, ഞാൻ അനുസരിക്കയാണ് ചെയ്തതു്. അവൾ ഗർഭിണിയായ ശേഷം ഒരു കാശുപോലും അച്ഛനു് അയച്ചു കൊടുക്കാൻ അവൾ സമ്മതിച്ചില്ല. ഇതാ, രാംദാസിനെ തടങ്ങലിലിട്ടിരുന്ന ഇരുട്ടറയ്ക്കടുത്തു് നാം എത്തിയിരിക്കുന്നു.''

അയാറം ആത്മകഥാഖ്യാനം നിത്തി വലത്തുവശം കണ്ട പാതയിലേക്കു് കൈചൂണ്ടി. ഗോല്ക്കൊണ്ടയുടെ താഴ്വരയിലെ നിഴലുകറംക്കു് കനം കൂടിയിരുന്നു. ദൂരെയുള്ള ചില ഉയന്ന കുന്നുകളുടെ തലകറം മാത്രം സ്വണ്ണത്തലപ്പാവണിഞ്ഞതപോലെ കാണപ്പെട്ടു. രാത്രിയുടെ കരിഞ്ചായം ദക്ഷിണ പീഠദേശമാകുന്ന വിശാലമായ ക്യാൻവാസിൽ സവ്വത്ര പുരണ്ടുതുടങ്ങി.

കഞ്ചേർല ഗോപണ്ണ എന്ന രാമഭക്തനെ, ആ പാതയുടെ അററത്തുള്ള ഇരുട്ടറയിൽ നവാബു് കുറേക്കാലം തടങ്ങലിൽ പാർപ്പിച്ചു എന്നൊരു കഥയുണ്ടു്. നവാബിൻെറ തഹസീൽദാരായിരുന്ന രാമഭക്തനായ ഗോപണ്ണ, പിരിച്ചെടുത്ത നികുതിയത്രയും ഭദ്രാചലം ക്ഷേത്രത്തിലെ ചെലവുകറം നടത്താൻ വിനിയോഗിച്ചുവത്രെ. കുപിതനായ നവാബു് തഹസീൽദാരെ ഗോല്ക്കൊണ്ടയിലെ ഇരുട്ടറയിൽ അടച്ചു. രാമലക്ഷ്മണന്മാർ രണ്ടു ശിശുക്കളുടെ രൂപത്തിൽ നവാബിനു് പ്രത്യക്ഷപ്പെട്ടു് കടങ്ങറം വീട്ടിയെന്നും അത്ഭുതവും ഭയവുംകൊണ്ടു പരവശനായ നവാബു് രാംദാസിനെ ഉടനെ സ്വതന്ത്രനാക്കുകയും ഭദ്രാചലം ക്ഷേത്രത്തിലേക്കു് വഴിപാടുകറം നല്കുകയും ചെയ്തു എന്നും മററുമാണു് ഐതിഹ്യം. സ്വതന്ത്രനായ രാംദാസു് നവാബിൻെറ ഭാഗ്യത്തിൽ അസൂയപ്പെടുകയാണു് ചെയ്തതു്. എന്തെന്നാൽ, രാമഭക്തനായ അദ്ദേഹത്തിനു ലഭിക്കാത്ത രാമലക്ഷ്മണ ദശ്നമഹാഭാഗ്യം നവാബിനു് കൈവന്നുവല്ലോ.

ഇക്കഥ പറഞ്ഞുകൊണ്ടു് എന്റെ സ്നേഹിതൻ ഇരുട്ടറയുടെ വാതല്ക്കലേക്കു നടന്നു. ഞാൻ പിന്നാലെ ചെന്നു. ഒരേ ഒരു വാതൽ മാത്രമേയുള്ളൂ. തികച്ചും ഇരുളടഞ്ഞ ഒരറ. എങ്കിലും മേൽത്തട്ടിൽ പില്ക്കാല ത്തുണ്ടാക്കിയ ചില പഴുതുകളിലൂടെ ഞെരുങ്ങിക്കടന്ന ക്ഷീണിച്ച വെളിച്ചത്തിൽ, പടിഞ്ഞാറേ ഭിത്തിയിലുള്ള രാമലക്ഷ്മണന്മാരുടെയും സീതയുടെയും ഹനുമാന്റെയും ചെഞ്ചായചിത്രങ്ങൾ ഒട്ടൊക്കെക്കാണാമായിരുന്നു. അയാൾ ചിത്രങ്ങളിൽ ദൃഷ്ടിയുറപ്പിച്ച ധ്യാനലീനനായി കുറേനേരം നിന്നു. ആ അന്തരീക്ഷം ശ്വാസം മുട്ടിക്കുന്നതായി തോന്നിയതിനാൽ ഞാൻ പുറത്തേക്കു പോന്നു. ധ്യാനത്തിൽനിന്നു് അയാളെ ഉണർത്തിയില്ല. പത്തുപതിനഞ്ചു മിനുററു കഴിട്ടേ അയാൾ പുറത്തു വന്നുള്ളു. പരിഭ്രാന്തമായ ഒരു നോട്ടത്തോടുകൂടിയാണു് അയാൾ പുറത്തു വന്നതു്. അയാൾ വിറകൊള്ളുന്നുണ്ടായിരുന്നു. ഏതോ ഭയാനകമായ കാഴ്ചകണ്ടു് പേടിച്ചരണ്ടുപോയപോലെ അയാൾ കിതച്ചുകൊണ്ടിരുന്നു. 'എന്തുപററി' എന്നു് അമ്പരന്നു ചോദിക്കുംപോലെ ഞാൻ അയാളുടെ മുഖത്തേക്കു നോക്കി. പെട്ടെന്നു് അയാൾ തന്റേടം അവലംബിച്ചു ഒന്നും സംഭവിച്ചിട്ടില്ലെന്നു് എനിക്കു ബോധ്യം വരുമാറു "വരൂ, നമുക്കു പോകാം" എന്നു് ശാന്തമായിപ്പറഞ്ഞു. കുറേനേരത്തേക്കു് ഞങ്ങൾ രണ്ടാളും ഒന്നും പറഞ്ഞില്ല. പിന്നീടു് അയാൾ പറകയാണു്:

"മനുഷ്യൻ ബന്ധനസ്ഥനും ഏകാകിയുമായികഴിയേണ്ടിവരുന്നതു് എത്ര നാരകീയമായ ഒരനുഭവമാണെന്നു് ഞാൻ ഓർക്കയായിരുന്നു."—അയാളുടെ ശബ്ദത്തിൽ ഒരു വിറയലുണ്ടായിരുന്നു. "പക്ഷേ, രാമഭക്തനായ ഗോപണ്ണയ്ക്കു് തന്റെ ഈശ്വരനെ ധ്യാനിച്ചു ഈശ്വരസാന്നിധ്യസുഖം അനുഭവിക്കാമായിരുന്നുവെന്നു് ഞാൻ വിചാരിക്കുന്നു. എന്നാൽ ലോകത്തിലെ തടവുകളിൽ സാധാരണക്കാരും ലൗകികരുമായ എത്രയെത്ര ആത്മാക്കളാണു് കിടന്നു നരകിക്കുന്നതു്. അവരുടെ ഏകാന്തതയിൽ അവർക്കു് വല്ല സാന്ത്വനവും ലഭിക്കുന്നുണ്ടോ? ഏകാന്തതയുടെ വീർപ്പുമുട്ടലല്ലാതെ അവർക്കെന്താണുഗതി? രോഗശയ്യയും ഒരു തടങ്ങലാണു കേട്ടോ? എന്റെ പാവപ്പെട്ട അച്ഛൻ ഒന്നു് ഒന്നരക്കൊല്ലം രോഗശയ്യയുടെ തടങ്ങലിൽ കിടന്നു നരകിച്ച ശേഷമാണു് മരണം അദ്ദേഹത്തിനു് വിടുതൽ നല്കിയതു്. 1955—ൽ ആണു് അദ്ദേഹം വീണുപോയതു്. ആസംഭവം ഓർക്കുമ്പോൾ ഇന്നും എന്റെ ഹൃദയം ഞെട്ടിപ്പോകുന്നു."

അയാൾ പെട്ടെന്നു് നിർത്തി. തുടരണമോ എന്നു് അയാൾ സംശയിക്കുംപോലെ തോന്നി. വേദനിപ്പിക്കുന്ന ഓർമ്മകൾ പുതുക്കാൻ ശ്രമിക്കേണ്ടെന്നു് ഞാനും ഉപദേശിച്ചു.

"അങ്ങനെയല്ല; എനിക്കതു് പറഞ്ഞു തീർക്കണം; അക്കഥ പറയുന്നതിന്റെ വേദനയെങ്കിലും എനിക്കനുഭവിക്കണം. ഇതൊന്നും ഞാൻ ഇതേവരെ ആരെയും

പറഞ്ഞു കേൾപ്പിച്ചിട്ടില്ല. അനുകമ്പയോടെ കേൾക്കാൻ എനിക്കാരെയും കിട്ടിയിട്ടുമില്ല. നിങ്ങൾക്കുപദ്രവമാവില്ലെങ്കിൽ........"

"ഇല്ല; പറയൂ. വാസ്തവത്തിൽ എനിക്ക് നിങ്ങളുടെ കഥ കേൾക്കാൻ കൗതുകമേയുള്ളു. നിങ്ങളുടെ ഹൃദയഭാരം ലേശമെങ്കിലും ലഘൂകരിക്കാൻ കഴിയുമെങ്കിൽ അങ്ങനെയാവട്ടെ.

"അതേ. എത്രനാളുണ്ട് ഈ വിചാരങ്ങൾ എന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങുന്നു. അവയൊന്നു പൊട്ടിച്ചു വിട്ടാൽ തെല്ലൊരാസ്വാസമാവും; ഞാൻ തുടരട്ടെ." അയാൾ തൊണ്ട ശരിപ്പെടുത്തിയ ശേഷം തുടന്നു:

"ഞാൻ വിവാഹിതനായ ശേഷം സെന്തോമസ് മൗണ്ടിൽ മിലിട്ടറി ക്വാർട്ടേഴ്സിൽ ഭാര്യയോടൊന്നിച്ചു താമസമായി. അക്കൊല്ലം അവധി കിട്ടിയപ്പോൾ അച്ഛനെക്കാണ്മാൻ ബസ്വാഡയ്ക്കു പോകണമെന്ന് ഞാൻ പറഞ്ഞു. ഗൗരി സമ്മതിച്ചില്ല. അവളുടെ അച്ഛനും അമ്മയും ഹൈദ്രബാദിലായിരുന്നു. നേരെ അവിടേക്കു പോകണമെന്ന് അവൾ അഭിപ്രായപ്പെട്ടു. ഞാൻ അവളുടെ അഭിപ്രായത്തിന്ന് കീഴ്പ്പെട്ടു. അവൾക്ക് അഹിതമായി യാതൊന്നും ചെയ്യാൻ ഞാൻ ശക്തനല്ലായിരുന്നു. ഹൈദ്രബാദിലെത്തിയശേഷം ഗൗരിയുടെ അഭിപ്രായപ്രകാരം അച്ഛനെ ഞാൻ അങ്ങോട്ടു ക്ഷണിച്ചു. വാദ്ധക്യപീഡകളും ജീവിതക്ലേശങ്ങളും കൊണ്ട്

തികച്ചും പരവശനായിരുന്നെങ്കിലും, അച്ഛൻ എന്നെ കാണ്മാനുള്ള കൊതികൊണ്ടു് ബസ്രാഡയിൽനിന്നു് ഹൈദരബാദിലെത്തി. അദ്ദേഹം ഹൈദരബാദിൽ ആദ്യം വരികയായിരുന്നു. കാഴ്ചകൾ കാണ്മാൻ ഞാൻ അച്ഛനെ പല സ്ഥലങ്ങളിലും കൂട്ടിക്കൊണ്ടുപോയി. വാസ്തവത്തിൽ നഗരത്തിലെ കാഴ്ചകളിൽ അദ്ദേഹത്തിനു് അത്ര താൽപര്യമൊന്നുമില്ലായിരുന്നു. എന്നെ കാണുക മാത്രമായിരുന്നു അദ്ദേഹത്തിൻെറ ഏററവും വലിയ താൽപര്യം. എങ്കിലും അന്നത്തെ എൻെറ ഉത്സാഹത്തള്ളിച്ചയിൽ ഞാൻ ഇതൊന്നും ഓത്തില്ല. അച്ഛൻെറ വാദ്ധക്യക്ഷീണമോ രോഗപാരവശ്യമോ ഒന്നും ഓക്കാതെ ഞാൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടു് അങ്ങുമിങ്ങും ഓടിനടന്നു. എത്രയും വേഗം അദ്ദേഹത്തെ തിരിച്ചയക്കണമെന്ന തിടുക്കമുണ്ടായിരുന്നു എനിക്കു്. അദ്ദേഹം കൂടുതൽ ദിവസം ഞങ്ങളോടൊന്നിച്ചു താമസിക്കുന്നതു് ഗൗരിക്കു പിടിക്കാതെ വന്നെങ്കിലോ എന്നായിരുന്നു എൻെറ ആശങ്ക. ഞാനും ഗൗരിയും അച്ഛനും കൂടിയാണു് ചാർമിനാർ കാണാൻ പോയതു്. ഞങ്ങളോടൊപ്പം ചാർമിനാറിൻെറ മുകളിലേക്കു വരാൻ ഞാൻ അച്ഛനെ നിർബ്ബന്ധിച്ചു. ദാമ്പത്യത്തിൻെറ പുതുമയിൽ ലഹരിപിടിച്ചു തുള്ളിച്ചാടി നടന്ന എൻെറ ഉത്സാഹത്തള്ളലിന്നൊപ്പം നില്ക്കാൻ അച്ഛൻെറ വാദ്ധക്യപീഡിതമായ ശരീരത്തിനു് കെല്പില്ലെന്നു ഞാൻ ചിന്തിച്ചില്ലല്ലോ എന്നോർത്തു ഞാൻ ഇന്നു് ലജ്ജിക്കുകയാണു്. ഞങ്ങൾ വരുംവരെ അച്ഛൻ ചുവ

ട്ടിൽ ഇരുന്നുകൊള്ളാമെന്നു് പറഞ്ഞു. ചാർമിനാറി ൻെറ വളഞ്ഞുപുളഞ്ഞു പോകുന്ന പടിക്കെട്ടുകഠം കയറു മ്പോഠം ആളൊഴിഞ്ഞ മൂക്കിലും മൂലയിലുമെല്ലാം, നേരം പോകുന്നതിനെപ്പററി യാതൊരു ബോധവുമില്ലാതെ, ഞങ്ങഠം ഓരോ ചാപല്യങ്ങഠം കാട്ടികൊണ്ടിരുന്നു. മൂന്നു മണിക്കൂർ പറന്നുപോയിരുന്നു ഞങ്ങഠം ചുവട്ടിൽ മട ങ്ങിയെത്തിയപ്പോഠം. പരുപരുത്ത തറയിൽ അച്ഛൻ നീണ്ടുനിവന്നു കിടന്നു് ഉറങ്ങുന്ന കാഴ്ചയാണു് അ പ്പോഠം ഞങ്ങഠം കണ്ടതു്. ഞങ്ങഠം അച്ഛനെ വിളിച്ചു ണത്തി. അവിടെനിന്നു് ഏതാണ്ടു് ഒരു മൈൽ നടന്നു വേണം സലാർ ജങ് മ്യൂസിയത്തിലെത്താൻ. വണ്ടി കാത്തുനിന്നു് സമയം കളയാതെ മ്യൂസിയത്തിലേക്കു് നടക്കാമെന്നു് ഞങ്ങഠം തീരുമാനിച്ചു. അച്ഛനെ പയ്യെ പയ്യെ നടത്തിക്കൊണ്ടുള്ള ആ യാത്ര ഓക്കുമ്പോഠം ഹൃദയം നീറുകയാണു്. ഒരു കുറിയെങ്കിലും ഞാൻ ആ യാത്ര ഓക്കാത്ത ദിവസമില്ല. ഇന്നു് നയാപുളിൽ നിന്നു് നാം ആ പഴഞ്ചൻ വണ്ടിയിൽ ഇങ്ങോട്ടു വന്നി ല്ലേ? ആ വണ്ടിയുടെ കിതച്ചുകൊണ്ടുള്ള പോക്കു കണ്ട പ്പോഴും ഞാൻ അതോത്തു. നമ്മുടെ ഉത്സാഹത്തി ൻെറയും താൽപര്യങ്ങളുടെയും തള്ളിച്ചയോടൊപ്പം നീങ്ങുവാൻ പണിപ്പെടുന്ന ആ എഞ്ചിൻ, അന്നു് ഞങ്ങളോടൊപ്പം പ്രാഞ്ചിക്കിതച്ചു നടന്ന അച്ഛൻെറ ഓർമ്മ എന്നിലുളവാക്കി. എന്തുണ്ടായി എന്നു് പറ യട്ടെ: മ്യൂസിയത്തിൻെറ ഗേററിങ്കൽ ഞങ്ങഠം എത്തി യ ഉടനേ അച്ഛൻ പ്രജ്ഞയററു നിലംപതിച്ചുപോയി.

മൂക്കുകുത്തിയാണു വീണതു്. മുഖത്തുനിന്നു് ചോര മട മടയൊഴുകി. ഉച്ചിക്കു നട്ടുവേ ഇരുമ്പുപാരകൊണ്ടു് അടിയേററപോലെയായി എനിക്കു്. ഇപ്പോഴും അ തോക്കുമ്പോരം ഞാൻ അടിമുടി മരച്ചുപോകുന്നു. മദ്യ മത്തനു് ചൂരൽ പ്രഹരംകൊണ്ടു് സുബോധം വീഴും പോലെയായിരുന്നു. എൻെറ അപ്പോഴത്തെ അനു ഭവം........

"ആ വീഴ്ചയിൽനിന്നു് അച്ഛൻ പിന്നീടെഴുന്നേ ററിട്ടില്ലെന്നു് പറയാം. നമ്മുടെ ബസ്സ് 'ബ്രേക്ക്ഡൗ ണാ'യി വഴിയിൽ കിടന്നപ്പോരം ഞാൻ അച്ഛൻെറ വീഴ്ചയാണോത്തതു്. അച്ഛൻ നട്ടുറോട്ടിൽ കവിണ്ണുവീ ണു കിടക്കുന്ന കാഴ്ച, എൻെറ കണ്ണിൻെറ ഫിലിമിൽ ഒരിക്കലും മായാതെ പതിഞ്ഞു കിടക്കയാണു്. എൻെറ ഈ കണ്ണുകരം നിജ്ജീവമാകുവോളം........"

അയാരം പെട്ടെന്നു് സംസാസാരം നിത്തി. ഒന്നും പറയാനാവാതെ, തെല്ലിട അങ്ങനെ നിന്നു.

"പിന്നീടു നിങ്ങരം അച്ഛനെ ആശുപത്രിയിലാ ക്കി, അല്ലേ?"— കഥ തുടരാൻ ഞാൻ അയാളെ സഹാ യിച്ചു.

"അതേ. മൂന്നാംപക്കമാണു് അദ്ദേഹത്തിനു് ബോധം വീണതു്." തൊണ്ടയിൽ വിലങ്ങിയ ഏതോ ഘനപദാത്ഥം വിഴുങ്ങാൻ പ്രയാസപ്പെട്ടുംപോലെ അ യാരം തുടന്നു. "രണ്ടുമൂന്നു ദിവസംകൂടി കഴിഞ്ഞു് ഞങ്ങരം അദ്ദേഹത്തെ ബസപാഡയിൽ കൊണ്ടുചെ

ന്നാക്കി. അച്ഛനെ ആ നിലയിലെത്തിച്ചതു് ഞാനാണെന്നു് എൻെറ സഹോദരിമാർ രണ്ടുപേരും കുററപ്പെടുത്തി. എൻെറ അവധി അവസാനിക്കയാൽ എനിക്കു് ജോലിസ്ഥലത്തേക്കു് ഉടനേ മടങ്ങേണ്ടിവന്നു. ഞങ്ങളുടെ വീട്ടിൽനിന്നു് ഏതാണ്ടു് ഒരു മൈൽ അകലെയാണു് എൻെറ മൂത്തസഹോദരിയുടെ താമസം. വീട്ടുകാര്യങ്ങൾ നോക്കാൻ അവൾക്കു പ്രായമായ മക്കളും ഉണ്ടായിരുന്നു. അതിനാൽ സഹോദരി വീട്ടിൽ വന്നു താമസിച്ചു് അച്ഛനെ നോക്കിക്കൊള്ളണമെന്നു് പറഞ്ഞാണു് ഞാൻ മദിരാശിയിലേക്കു് മടങ്ങിയതു്. പക്ഷേ ആ ഭാരം ഏല്ക്കാൻ ആരും തയ്യാറായില്ല. എല്ലാവരും അവരവരുടെ പാട്ടിനുപോയി. ഞാനും അതുതന്നെയാണല്ലോ ചെയ്തതു്. എന്തിനു് മററുള്ളവരെ കുററപ്പെടുത്തണം?"

"ആ അവശമായ നിലയിൽ നിങ്ങളുടെ അച്ഛൻ എങ്ങനെ തനിയേ താമസിച്ചു?"—എൻെറ ചോദ്യം.

"അതാണു് ഏററവും വിചിത്രമായ കഥ. അച്ഛനെ ശുശ്രൂഷിക്കാൻ അവർ ഒരാളെ ഏല്പിച്ചിട്ടാണു് പോയതു്. ആരെയാണെന്നറിയേണ്ടേ? കഷ്ടിച്ചു പതിനഞ്ചു വയസ്സായ ഒരു പെൺകുട്ടിയെ. ഒരനാഥ പെൺകുട്ടി. എൻെറ അമ്മയുടെ അനുജത്തിയുടെ മകൾ. തീരെ ചെറുപ്പത്തിലേ അവളുടെ അച്ഛനും അമ്മയും മരിച്ചു. പിന്നെ ഞങ്ങളുടെ കൂടെയാണു് അവൾ വളന്നതു്. നിസ്സഹായയായ ആ ബാലികയുടെ പിഞ്ചുപ്

മലിലാണ് ആ കൊടിയ ഭാരം ഏററിവച്ച് ഞങ്ങൾ എല്ലവരും കടന്നു കളഞ്ഞതു്. അവൾക്ക് ആ ഭാരം വഹിക്കയെല്ലാതെ മററുഗതിയൊന്നുമില്ലായിരുന്നു. ഒരേ വിലങ്ങുകൊണ്ടു ബന്ധിച്ച രണ്ടു തടവുപുള്ളികളെപ്പോലെ അവർ കഴിഞ്ഞുകൂടി. എങ്കിലും അവൾ ഏററവും പ്രശംസനീയമാംവണ്ണം തന്റെ ചുമതടടുത്തു. അച്ഛൻ മരിക്കാറായപ്പോൾ അവൾ മാത്രമാണ് അടുത്തുണ്ടായിരുന്നതു്. ഒരു ദിവസം വൈകുന്നേരം അവൾ തന്റെ അടുക്കൽ തന്നെ ഇരിക്കണമെന്നു് അച്ഛൻ ശാഠ്യം പിടിച്ചു. അച്ഛന്റെ വേദനിയ്ക്കുന്ന മാറിൽ തടവിക്കൊണ്ടു് അവൾ ഉറക്കൊഴിഞ്ഞിരുന്നു. പാതിരാവായപ്പോഴേക്കും അച്ഛനിൽ ചില ഭാവഭേദങ്ങളും അവൾ കണ്ടു. കണ്ണുകൾ രണ്ടും പുറത്തേക്ക് തുറിച്ചുവന്നു. ആ കണ്ണുകൾ അവളുടെ മുഖത്തുതന്നെ നോക്കു മുറപ്പിച്ചു നില്ക്കുന്നതുകണ്ടു് അവൾ പേടിച്ചുപോയി വല്ലാത്ത ഒരു ഞരക്കത്തോടുകൂടി അദ്ദേഹമവളുടെ കയ്യിൽ മുറുകെപ്പിടിച്ചു. പരിഭ്രാന്തയായ ആ പെൺകുട്ടി പിടിവിട്ടുവിച്ചു പുറത്തു ചാടി. അവൾ വാതല്പടി കടക്കുമ്പോൾ "ശശിഭൂഷണ, ശശിഭൂഷണ" എന്നു് ഞരങ്ങി വിളിക്കുന്ന ശബ്ദം കേട്ടതായി അവൾ പിന്നീടെന്നോടു പറഞ്ഞു.

"ആ നട്ടരാത്രിയിൽ ബസപാഡയിലെ വിജനമായ തെരുക്കളിലൂടെ ഒരു മൈൽ ദൂരം പേടിച്ചു നിലവിളിച്ചുകൊണ്ടു്, പാവപ്പെട്ട ആ പെൺകുട്ടി ഓടി, എന്റെ സഹോദരിയുടെ വീട്ടിലെത്തി വിവരം അറി

യിച്ചു. എൻെറ സഹോദരിയും ഭർത്താവും വന്നു നോക്കു മ്പോൾ അച്ഛൻ തറയിൽ കവിണ്ണുകിടക്കുന്നതാണു് കണ്ടതു്. അദ്ദേഹം മരിച്ചുപോയിരുന്നു. മരണം വന്നു് വാതല്ക്കൽ മുട്ടി വിളിക്കുമ്പോൾ ഉത്തരം പറയാൻ ഒരു ശിശുവിനെ ആക്കിയിട്ടു ബാക്കിയുള്ളവർ പിന്മാറിക്കളഞ്ഞതോർക്കുമ്പോൾ ഞാൻ ലജ്ജകൊണ്ടു് ഉരുകുകയാണു്. അഞ്ജലിയെ—അതാണു് ആ പെൺകുട്ടിയുടെ പേരു്—ഒരീശ്വരിയായി പൂജിക്കാൻ ഞാനിന്നു തയ്യാറാണു്. അവൾ ഇപ്പോൾ ഹൈദരബാദിലുണ്ടു്. പാവപ്പെട്ട ഒരു കൂലിപ്പണിക്കാരൻ അവളെ വിവാഹം കഴിച്ചു. എന്നെ സുബോധമുള്ള ഒരു സാധാരണ മനുഷ്യജീവിയായിക്കാണുന്നവർ അവരിരുവർ മാത്രമേയുള്ളു - ഇപ്പോൾ നിങ്ങളും.''

ദീർഘമായി ഒന്നു നിശ്വസിച്ചശേഷം അയാൾ തൻെറ കഥ തുടന്നു:

''ഗർഭം അലസിയതുകൊണ്ടു് ഗൗരിയെ ആശുപത്രിയിലാക്കിയതു് ഏകദേശം ഒരു മാസം മുമ്പാണു്. അവൾ രണ്ടാഴ്ച ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ആശുപത്രിയിൽനിന്നു വന്നയുടനെ അവൾക്കു പതിവു പോലെ സ്വഭാവമാററമുണ്ടായി. രണ്ടാഴ്ച എൻെറതെന്നെയെല്ലാം അവൾ എന്നെ പാട്ടപ്പെടുത്തിയെന്നു് പറകവയ്യ. ഒടുക്കം, സ്ഥിരബുദ്ധിയില്ലാത്ത ഞാൻ ഇനിമേൽ അവളുടെ ഭർത്താവല്ലെന്നും വീട്ടിൽനിന്നു് എവിടെയെങ്കിലും പൊയ്ക്കൊള്ളണമെന്നു് അവൾ തീർത്തു. പറ

ഞ്ഞു. അപമാനവും സങ്കടവും സഹിക്കവെയ്യാതെ ഞാൻ വീടുവിട്ടു. നേരെ അഞ്ജലിയുടെ വീട്ടിലേക്കാണു് പോയതു്. അവളുടെ ഭർത്താവു് — പാവപ്പെട്ട കൂലിക്കാരൻ — പത്തുറപ്പിക എടുത്തു് എൻെറ പക്കൽ തന്നിട്ടു്, എവിടെയെങ്കിലുംപോയി ഒരു ജോലി കണ്ടുപിടിക്കാൻ എന്നോടു പറഞ്ഞു. അങ്ങനെ ഞാൻ പുറപ്പെട്ടു റെയിൽവേസ്റ്റേഷനിൽ എത്തി. കഴിഞ്ഞ മൂന്നു ദിവസമായി അവിടുത്തെ വെയിററിങ്ങ് റൂമിൽ കുത്തിയിരുന്നു് സമയം പോക്കി. എങ്ങോട്ടുപോകേണ്ടു, എന്തുചെയ്യേണ്ടു എന്നൊന്നും ഒരു രൂപവും കിട്ടുന്നില്ല. എന്തെല്ലാമൊക്കെയോ ചിന്തിച്ചുകൊണ്ടു് ഒരിരുപ്പിരുന്നാൽ മണിക്കൂറുകൾ അങ്ങനെ കഴിയും. അങ്ങനെയിരുന്നതിന്നിടയ്ക്കാണു് നിങ്ങൾ വന്നതു്.''

ഞങ്ങളുടെ പാതയുടെ വലത്തെ അരുകിലുള്ള ഒരു പാറയുടെ പരപ്പിൽ രണ്ടുപേർ പതിഞ്ഞ സ്വരത്തിൽ ഉറക്കെ സംഭാഷിച്ചുകൊണ്ടിരിക്കുന്നതു് ഞങ്ങൾ കണ്ടു ഞങ്ങൾ അടുത്തു ചെന്നപ്പോൾ അവരിലൊരാൾ എഴുന്നേററു് എൻെറ കൂട്ടുകാരനോടു് എന്തൊക്കെയോ ചോദിച്ചു. സംശയിച്ചു സംശയിച്ചു് എന്തൊക്കെയോ മറുപടി പറഞ്ഞശേഷം, അയാൾ പെട്ടെന്നു് എൻെറ അടുക്കൽ വന്നു് "നമുക്കു പോകാം" എന്നു പറഞ്ഞു് മുമ്പോട്ടു നടന്നു. ഞാൻ അയാളുടെകൂടെ എത്തി, അവരെന്താണു പറഞ്ഞതെന്നു് ആരാഞ്ഞു. കോട്ടയുടെ മുകളിൽ കാഴ്ചകൾ എന്തൊക്കെയുണ്ടെന്നും അവരോടൊന്നിച്ചു് എൻെറ സ്നേഹിതൻകൂടെ ചെല്ലുമോ എന്നും അവർ ചോദിച്ചുവത്രെ.

"നിങ്ങൾ എന്തു മറുപടി പറഞ്ഞു?" ഞാൻ ചോദിച്ചു.

"കഴിഞ്ഞു മാറുന്ന തരത്തിൽ പിലതൊക്കെപ്പറഞ്ഞിട്ട് ഞാനിങ്ങു പോന്നു."

"നിങ്ങളെന്താണ് അവക്ക് ശരിക്കുള്ള വിവരങ്ങൾ പറഞ്ഞുകൊടുക്കാഞ്ഞതു്?"

അയാൾ അല്പം സംശയിച്ചു നിന്നശേഷം ഇങ്ങനെ പറഞ്ഞു:

"വാസ്തവം പറയട്ടെ: എനിക്കപ്പോൾ ഭയമാണ് തോന്നിയതു്." അയാളുടെ ഭയത്തിനു കാരണമെന്തെന്നു് ഞാൻ ചോദിച്ചു.

"അവർ മുസ്ലീങ്ങളാണെന്നു് നിങ്ങൾ മനസ്സിലാക്കിയോ?"

"എന്നു് എനിക്കു തോന്നി. പക്ഷെ, അതുകൊണ്ടെന്താ?"

"അവർ മുസ്ലീങ്ങളാണെന്നു് കണ്ടപ്പോൾ എനിക്കെന്തൊക്കെയോ സംശയങ്ങൾ തോന്നി. ഈ വൈകിയ നേരത്തു് ഗോല്ലൊണ്ടയുടെ മുകളിലേക്കു് പോകുന്ന അവർ വെറും മനുഷ്യരല്ലെന്നു് ഞാൻ വിചാരിച്ചു."

"പിന്നെയാരാണവർ?" ഞാൻ സാത്ഭുതം ചോദിച്ചു.

"നിങ്ങൾ എന്നെ പരിഹസിക്കുമെന്നു് എനിക്കറിയാം. അവർ പ്രേതങ്ങളാണെന്നു് ഞാൻ വിചാരിച്ചു."

"പ്രേതങ്ങൾ! വളരെ വിചിത്രമായിരിക്കുന്നല്ലോ നിങ്ങളുടെ വിചാരം."

"അതേ, സ്നേഹിത. എൻെറ മനസ്സിൻെറ ഒരു ദൗർബല്യമാണതു്. അകാരണമായി അനിഷ്ടം ശങ്കിക്കുന്ന ഒരു സ്വഭാവം എനിക്കുണ്ടായിട്ടുണ്ടു്. എൻെറ ഇപ്പോഴത്തെ ശങ്കയ്ക്കു് ഒരു കാരണംകൂടിയുണ്ടു്: ഹൈദരബാദിൽ സ്വതന്ത്രഭാരതഗവണ്മെൻറ് 1949-ൽ പോലീസ് ആക്ഷൻ നടത്തിയതു് നിങ്ങൾക്കോർമ്മയില്ലേ? അന്നു് ഗോല്ക്കൊണ്ടയിൽ കയറി ഒളിഞ്ഞ അനേകം റസ്സാക്കർമാരെ നമ്മുടെ ഭടന്മാർ നിർദ്ദയം കൂട്ടക്കൊല നടത്തിയതായി ഈ ദിക്കുകളിൽ ഒരു പറച്ചിലുണ്ടു്. അവരിൽ രണ്ടുപേരുടെ പ്രേതങ്ങൾ പകവീട്ടാൻ ഇറങ്ങിയിരിക്കയാണെന്നു് ഞാൻ പെട്ടെന്നു് വിചാരിച്ചുപോയി. രാംദാസ് കിടന്ന ഇരുട്ടറയിൽ അല്പം മുമ്പ് ഞാൻ തനിച്ചു നിന്നപ്പോഴുണ്ടായ അനുഭവം ഞാൻ നിങ്ങളോടു പറഞ്ഞില്ല. പറയണമെന്നു് ഞാൻ വിചാരിച്ചതല്ല. ഇപ്പോൾ ഏതായാലും പറയുകയാണു് – നാണംകേടാണെങ്കിലും. ഞാൻ രാമലക്ഷ്മണന്മാരുടെ ചിത്രങ്ങൾക്കു മുമ്പിൽ ധ്യാനനിമഗ്നനായി നില്ക്കുകയായിരുന്നു. എൻെറ അച്ഛൻെറ ആത്മശാന്തിക്കായി ഞാൻ പ്രാർത്ഥിച്ചുവെന്നു് നിങ്ങൾക്കുമറിക്കാമല്ലോ. കൂപ്പുകയ്യുമായിനിന്ന ഞാൻ വാസ്തവത്തിൽ അച്ഛനെയാണു് ധ്യാനിച്ചുകൊണ്ടിരുന്നതു്; രാമലക്ഷ്മണന്മാരെയല്ല. അച്ഛനെയോർത്തപ്പോൾ ചിന്ത മറെറാരാളിലേക്കും നീങ്ങിയില്ലെന്നായി. അച്ഛൻെറ അന്ത്യനി

മിഷങ്ങൾക്കു് ഞാൻ സാക്ഷിയാവുംപോലെ എനിക്കു തോന്നി. പെട്ടെന്നു് ദാരുണമായ ഒരു നിലവിളി കേട്ടു് ഞാൻ ഞെട്ടിപ്പോയി. തുടന്നു് അതുപോലുള്ള നിലവിളി അനേകം കണ്ഠങ്ങളിൽനിന്നുയരുന്നതു കേട്ടു. വെടിയുടെയും അട്ടഹാസങ്ങളുടെയും ശബ്ദങ്ങൾ തുടരെ ക്കേട്ടു. താടിയും തലക്കെട്ടും ക്രൂരമായി തുറിച്ചുനി ല്ക്കുന്ന കണ്ണുകളുംകൊണ്ടു് ഭീഷണമായ മുഖങ്ങളും ചോ രയും പുകയും നാലു ചുററിലും ഞാൻ കാണുന്നതായി എനിക്കു തോന്നി. എനിക്കു തല ചുററിത്തുടങ്ങി. പെട്ടെന്നു് ഞാൻ ആ ഇരുട്ടറയിൽനിന്നു പുറത്തുചാടി. ശുദ്ധവായു പലവട്ടം ആഞ്ഞു ശ്വസിച്ച ശേഷമാണു് എൻെറ തലചുററൽ ശമിച്ചതു്. എല്ലാം ഒരു ചിത്ത വിഭ്രാന്തി മാത്രമായിരുന്നുവെന്നു് സ്വയം സമാധാനി ച്ചുകൊണ്ടു് ഞാൻ യാത്ര തുടരുകയാണു് ചെയ്തതു്.

"എൻെറ മനസ്സ് ഏററവും വിചിത്രമായ രീതി യിലാണു്, ചിലപ്പോൾ പ്രവത്തിക്കുന്നതെന്നു് എനി ക്കറിയാം. മുകളിൽ ആ മട്ടുപ്പാവിലെ പീഠത്തിൽ കയറിനിന്നു് ചുററും നോക്കിയപ്പോൾ എനിക്കുണ്ടായ ഒരു തോന്നൽ കേൾക്കണോ? ആ ഉയന്ന സ്ഥാനത്തു നിന്നു് ഗോല്ക്കൊണ്ടയുടെ അടിവാരത്തിലേക്കു് തലയും കുത്തിയങ്ങു ചാടുക. ചാടണമെന്ന തോന്നൽ മന സ്സിൽ പിന്നെയും പിന്നെയും വന്നു് മുട്ടിക്കൊണ്ടിരുന്നു. ആ തോന്നലിൻെറ വഴിക്കു് കുറ നേരംകൂടി മനസ്സ വിട്ടുകൊടുത്തിരുന്നെങ്കിൽ ഞാൻ തീച്ചയായും ചാടിക്ക ളയുമായിരുന്നെന്നാണു് എനിക്കു തോന്നുന്നതു്. എതാ

യാലും ഉടനെതന്നെ ഞാൻ ഇറങ്ങിപ്പോന്നു. ഇതൊക്കെ വളരെ വിചിത്രമായിതോന്നുന്നില്ലേ? ഇതുകൊണ്ടൊക്കെയാണു് എനിക്കു ഭ്രാന്തുണ്ടോ എന്നു് ഞാൻതന്നെ ചിലപ്പോൾ സംശയിച്ചു പോകുന്നതു്."

അയാൾക്കുണ്ടായ തോന്നലിൽ അസാധാരണമായി ഒന്നുമില്ലെന്നും വളരെ ഉയരത്തിൽ കയറി നില്ക്കുമ്പോൾ പലക്കും അങ്ങനെയൊക്കെ തോന്നാറുണ്ടെന്നും ഞാൻ പറഞ്ഞു. ദൽഹിയിൽവച്ചു് കുത്തബ് മിനാറിന്റെ മുകളിൽ കയറിനിന്നപ്പോൾ എനിക്കും അങ്ങനെയൊരു തോന്നൽ ഉണ്ടായതു് ഞാൻ അയാളെ അറിയിച്ചു. പക്ഷേ, ആ തോന്നൽ അനുസരിച്ചു് ആരും പ്രവർത്തിക്കില്ലെന്നതാണു് വാസ്തവം.

"അങ്ങനെയോ?" — ഞാൻ പറഞ്ഞതു് അയാൾക്കു വിശ്വാസമായില്ലെന്നു് തോന്നി. "ഞാനാണെങ്കിൽ ചാടിപ്പോകുമെന്നാണെന്റെ പേടി. ആ തോന്നലിന്റെ പിടിയിൽ കുറേനേരത്തേക്കു് സ്വയം ഏല്പിച്ചു കൊടുത്താൽമതി; ഞാൻ ഉച്ചികുത്തി കീഴോട്ടു് കുതിച്ചതുതന്നെ. ഇനിയും കേൾക്കണോ മറെറാരു കാര്യം? അതു പറയുമ്പോൾ ഞാൻ നിങ്ങളോടു മാപ്പു ചോദിച്ചുകൊള്ളുന്നു."

"എന്തിനു്?"

"ഞാൻ നിങ്ങളോടു് ഒരപരാധം ചെയ്തുപോയി!"

"എന്തപരാധം?"

"വിശാലാശയനായ നിങ്ങൾ എനിക്ക മാപ്പുതരുമെന്നു് എനിക്കറിയാം. അതിനാൽ പറയുകതന്നേ. ആ മട്ടുപ്പാവിന്റെ പടിഞ്ഞാറേ അററത്തുള്ള വാതല്ക്കൽ നിന്നുകൊണ്ടു് ഞാൻ ആ കൊലമണ്ഡപം നിങ്ങൾക്കു് കാട്ടിത്തന്നതു് ഓർമ്മയുണ്ടോ?"

"ഉണ്ടു്."—അക്കാര്യം ഓർത്തപ്പോൾ എന്റെ ഹൃദയം അല്പമൊന്നു നടുങ്ങിയില്ലേ എന്നൊരു സംശയം.

"അവിടെനിന്നു് കാൽവഴുതി കീഴോട്ടു വീണിരുന്നെങ്കിൽ എന്നു് ഞാൻ അവിടെ നിന്നുകൊണ്ടു് ചിന്തിക്കയായിരുന്നു. ഒരുവേള നിങ്ങൾ എന്നെ കീഴോട്ടു തള്ളിയിട്ടേക്കമെന്നു് ഞാൻ വിചാരിച്ചു."

"എന്തുകൊണ്ടു്!"— ഞാൻ അമ്പരപ്പോടെ ചോദിച്ചു.

"ദയവുചെയ്തു എനിക്ക മാപ്പു തരു. എന്റെ ഈ നശിച്ച മനസ്സിന്റെ അപഥസഞ്ചരണമാണിതെല്ലാം. നിങ്ങളെ ഒരു പാതകിയായി ഞാൻ സങ്കല്പിച്ചു. കേവലം അപരിചിതനായ എന്നെ വശീകരിച്ചു ഈ ഗോല്ക്കൊണ്ടയിലേക്ക കൊണ്ടുവന്ന നിങ്ങൾ ഒരു ദുർമന്ത്രവാദിയായിരിക്കാമെന്നും എന്നെ ഇവിടെ കുരുതി കഴിച്ചു് നിങ്ങൾ കടന്നുകളയുമെന്നും മററും ഞാൻ ശങ്കിച്ചു. നിങ്ങൾ നിങ്ങളുടെ ഉദ്ദേശ്യം നിറവേററിക്കൊള്ളാൻ ഞാൻ ആ വാതല്പടിമേൽ കുറേ നേരം കാത്തുനിന്നു. അങ്ങനെ എന്റെ ദുരിതങ്ങൾ അവസാനിക്കട്ടെ എന്നു് ഞാൻ വിചാരിച്ചു. അടുത്ത

നിമിഷം നിങ്ങളുടെ ഷൂസ് ധരിച്ച കാലുകൊണ്ടുള്ള പ്രഹരം എൻെറ മുതുകിൽ വീഴുമെന്നു് ഓരോ നിമിഷവും ഞാൻ പ്രതീക്ഷിക്കയായിരുന്നു. അങ്ങനെയിരിക്കെയാണു് നിങ്ങൾ വിളിച്ചു പറഞ്ഞതു്: 'അവിടെനിന്നു് മാറിനിൽക്കു; നിങ്ങൾ വീണുപോകും' എന്നു്. വാസ്തവത്തിൽ അതുകേട്ടു് ഞാൻ വല്ലാതൊന്നു ഞെട്ടി. ഞെട്ടൽകൊണ്ടു വേച്ചുപോകുമോ എന്നു് പേടിച്ചു പെട്ടെന്നു് വെട്ടിത്തിരിഞ്ഞു പോരികയാണു് ഞാൻ ചെയ്തതു്."

എൻെറ തൊണ്ട പൊട്ടക്കിണർ പോലെ വററിവരണ്ടുപോയെന്നു് ഞാൻ മനസ്സിലാക്കി. ഒരക്ഷരം ഉരിയാടാൻ എനിക്കു് കെല്പില്ലാതായി. ആ വാതല്ക്കൽ നിന്നു് തിരിഞ്ഞു വന്നപ്പോഴത്തെ അയാളുടെ ആ നോട്ടം എനിക്കോർമ്മവന്നു. കാപാലികൻ ബലിമൃഗമാക്കാതെ വിട്ട പെൺകിടാവു് അയാളെ നോക്കി 'എന്നെ നിങ്ങൾ കരുതി കഴിക്കുന്നില്ലേ?" എന്നു് ചോദിക്കുന്നതിന്നു തുല്യമായിരുന്നു ആ നോട്ടം. ഒരു പുണ്യാത്മാവിനെ ഞാൻ കുരിശിൽ തറച്ചു എന്ന അപരാധബോധംകൊണ്ടു് എൻെറ ഹൃദയം പുകഞ്ഞുകൊണ്ടിരുന്നു. ഒരു കൈ എൻെറ ചുമലിൽ മന്ദമായി പതിച്ചതു് ആദ്യം ഞാൻ അറിഞ്ഞില്ല. "ക്ഷമിക്കു, സ്നേഹിത" എന്ന ശബ്ദം കേട്ടു ഞാൻ തിരിഞ്ഞുനോക്കിയപ്പോഴാണു് എൻെറ സ്നേഹിതൻ എൻെറ ചുമലിൽ തലോടുന്നതു് ഞാൻ കണ്ടതു്. "ക്ഷമിക്കു, ഞാൻ നിങ്ങളെയും വേദനിപ്പിച്ചു എന്നു തോന്നുന്നു. എൻെറ

മനസ്സിൻെറ വിഭ്രമംകൊണ്ടു മാത്രമാണ് നിങ്ങളെ ഘാതകനായി ഞാൻ സംശയിച്ചതു്. എൻെറ കഥ നിങ്ങൾക്കും വേദനാജനകമായിതീർന്നെന്ന് ഞാൻ സംശയിക്കുന്നു. എല്ലാം മറന്നുകളയൂ. ഇതാ, അവസാനത്തെ ബസ്സ് നമ്മെ കാത്തുകിടക്കുന്നു. നാം കുറേ വേഗം നടക്കുക.''

ഞങ്ങൾ അപ്പോഴേക്കും അടിവാരത്തിൽ എത്തിക്കഴിഞ്ഞു. പാതയുടെ ഇരുവക്കിലുമുള്ള കടകളിൽ വൈദ്യുതദീപങ്ങൾ പ്രകാശിക്കുന്നുണ്ടായിരുന്നു. ദുസ്സഹമായ വേദനകൊണ്ടു് കണ്ണു ചിമ്മിച്ചിമ്മിക്കരയുന്ന ആത്മാക്കളുടെ പ്രതീതിയാണ് അവ എന്നിലുളവാക്കിയതു്. ഞങ്ങൾ വണ്ടിയുടെ മുൻസീററിൽ ഇരിപ്പുപിടിച്ചു. അപ്പോഴും ഞാൻ മൗനമായിരുന്നതേയുള്ളു. വണ്ടി സ്റ്റാർട്ടു ചെയ്തു് നീങ്ങിത്തുടങ്ങിയപ്പോൾ എൻെറ സുഹൃത്തു് ഗോല്ക്കൊണ്ട അവസാനമായി ഒരു നോക്കു കാണ്മാൻ വെളിയിലേക്കാഞ്ഞു് പിന്തിരിഞ്ഞു നോക്കി.

"ഗംഭീരനായ ഗോല്ക്കൊണ്ടയോടു് നാം വിടവാങ്ങുകയായി'' അയാൾ പറഞ്ഞു. "എൻെറ വേദനകളിൽനിന്നും നൈരാശ്യങ്ങളിൽനിന്നും ഒഴിഞ്ഞ് ഏതാനും മണിക്കൂറുകൾ ഗോല്ക്കൊണ്ടയിൽ അഭയം തേടുവാൻ എനിക്കു കഴിഞ്ഞു. നിങ്ങൾ ആണ് അതിന്നു കാരണക്കാരൻ. എൻെറ ഉള്ളഴിഞ്ഞ നന്ദി സ്വീകരിച്ചാലും.''

നയാപുളിലേക്കുള്ള മടക്കയാത്രയിൽ ഞങ്ങൾ വിശേഷിച്ചൊന്നും സംസാരിച്ചില്ലെന്നുതന്നേ പറയാം

—വഴിയിൽകണ്ട ചില കാഴ്ചകളിലേക്ക് അയാൾ ഇട യ്ക്കിടെ എൻെറ ശ്രദ്ധയാകർഷിച്ചതൊഴിച്ചാൽ.

നയാപുളിൽ വണ്ടിയിറങ്ങുമ്പോൾ അയാൾ നെടു തായൊന്നു നിശ്വസിച്ചു. "നാം ബസ്വാഡ....അല്ല, ഹൈദ്രാബാദിലേക്ക് മടങ്ങുകയായി. എന്നെസംബ ന്ധിച്ചിടത്തോളം വേദനയുടെയും നൈരാശ്യത്തിൻെറ യും ലോകത്തിലേക്കുള്ള തിരിച്ചുപോക്കാണത്. ഇത്ര നേരം എന്നെ ഉന്മേഷിപ്പിച്ചുകൊണ്ടിരുന്ന നവചൈ തന്യം, ഹൈദരബാദിനാടകങ്ങൾതോറും എന്നെ വിട്ടു പിരിയുന്നതായി എനിക്കു തോന്നുന്നു."

സഹതാപവും സഹായവും അർഹിക്കുന്ന ഒരുവനാ ണയാളെന്നു് എനിക്കതിനകം ബോധ്യമായി. പ ക്ഷെ, അയാൾക്കെന്തൊരു സഹായം ചെയ്യാൻ എനി ക്കു കഴിയും? എന്നോടൊരുമിച്ചു ഊണുകഴിക്കാൻ അയാളെ ക്ഷണിക്കുന്നതിനേ തൽക്കാലം എനിക്കു തോന്നിയുള്ളു. അടുത്തുകണ്ട വെജിറേററിയൻ ഹോട്ട ലിൽ കയറി ഞങ്ങൾ ഊണു കഴിച്ചു. അയാൾ നല്ല വിശപ്പോടും രുചിയോടും കൂടിയാണു് ഉണ്ടതു്. ഇത്ര നല്ല ഒരൂണു് അടുത്ത കാലത്തെങ്ങും അയാൾ കഴിച്ചി ട്ടില്ലെന്നു പറഞ്ഞു. ഹോട്ടലിൽനിന്നു പുറത്തു വന്ന പ്പോൾ, ഇനി എന്നെ ശല്യപ്പെടുത്തുകയില്ലെന്നും അ യാൾ അവിടെവച്ചു് എന്നോടു് വിടവാങ്ങുകയാണെ ന്നും പറഞ്ഞു. അയാൾ എവിടേക്കാണെന്നു് ഞാൻ ചോദിച്ചു.

"എവിടേക്കെന്നില്ല. ഒരുപക്ഷേ ഹൈദരബാദ് സ്റ്റേഷന്റെ വെയിററിങ്ങ് റൂമിൽ ചെന്നു് കിടന്നുറങ്ങുമായിരിക്കാം."

അയാളെ അങ്ങനെ വിട്ടുപോകുന്നതിനാൽ എന്റെ മനസ്സിനു് എന്തെന്നില്ലാത്ത ഒരു വല്ലായ്മ തോന്നി. ഒരു അനാഥശിശുവിനെ അഭയസ്ഥാനമെത്തിക്കാതെ കൊടുംകാട്ടിൽ വിട്ടുപോകേണ്ടിവന്നാലെന്നപോലെയുള്ള ഒരനുഭവം. എന്റെകൂടെ ബസ്സിൽ ഹൈദരബാദ് സ്റ്റേഷനിലേക്കു് വന്നുകൂടേ എന്നു് ഞാൻ ചോദിച്ചു.

"എന്തിനു്? എനിക്കു തിരക്കൊന്നുമില്ല. നിങ്ങൾ ബസ്സിൽ പൊയ്ക്കോളു. ഞാൻ കുറേ നടക്കട്ടെ. ചെന്നു ചേരാൻ എനിക്കു ലക്ഷ്യമൊന്നുമില്ലല്ലോ."

"മി. ശശിഭൂഷൺ, നിങ്ങളുടെ പേരിൽ എനിക്കു് വലിയ സഹതാപം തോന്നുന്നു. നിങ്ങൾ ദയചെയ്തു് എനിക്കു് എഴുതണം. നിങ്ങളുടെ വിവരങ്ങൾ അറിഞ്ഞുകൊണ്ടിരിക്കാൻ എനിക്കു് താൽപര്യമുണ്ടു്."

അടുത്തുകണ്ട വിളക്കുകാലിന്റെ കീഴിലേക്കു് ഞാൻ അയാളെ കൂട്ടിക്കൊണ്ടുപോയി. അപ്പോഴും അയാളുടെ ഇടുപ്പിൽ ഒട്ടിപ്പിടിച്ചിരുന്ന വത്തമാനപത്രം വാങ്ങി ഞാൻ അതിന്റെ മുകളിൽ എന്റെ മേൽവിലാസം എഴുതിക്കൊടുത്തു.

"നിങ്ങൾക്കു നന്ദി"—അയാൾ പറഞ്ഞു. "പക്ഷേ ഞാൻ നിങ്ങൾക്കെഴുതുമോ എന്നു് എനിക്കറിയില്ല. ഇനി എന്റെ മനസ്സിന്റെ ഗതി എന്താവുമെന്നു് എനിക്കു നിശ്ചയമില്ല. നിങ്ങൾക്കെഴുതാൻ എനിക്കു് പ്രേരണയുണ്ടാവുമോ? ആറക്കിയാം?"

"പ്രിയ സ്നേഹിത, നിങ്ങൾ തീച്ച്യയായും എനി ക്കെഴുതണം. നിങ്ങൾ തികച്ചും പുതിയ ഒരാളായി ത്തീരാൻ പോകയാണെന്നു് എൻെറ അന്തരാത്മാവു് എന്നോടു് പറയുന്നു. നിങ്ങൾ തീർച്ചയായും എനി ക്കെഴുതും."

"പക്ഷെ, സ്നേഹിത, ഞാൻ വീണ്ടും ആ പഴയ ആളായിത്തീരുന്നതായിട്ടാണു് എനിക്കു തോന്നുന്നതു്. ഞാൻ ഇതാ ബസപാഡ ......ഹൈദരബാദിലേക്കു് മട ങ്ങുകയാണു്. എന്നുവെച്ചാൽ അന്ധകാരത്തിലേക്കു്. ........"

"അല്ല, നിങ്ങൾ പ്രകാശത്തിലേക്കാണു് മടങ്ങേ ണ്ടതു്."

"ഞാൻ എന്തു ചെയ്യണമെന്നാണു് നിങ്ങൾ പറയുന്നതു്?"

"നിങ്ങൾ നിങ്ങളുടെ വീട്ടിലേക്കു്—നിങ്ങളുടെ ഭാര്യ ഗൗരിയുടേയും നിങ്ങളുടെ പ്രിയപ്പെട്ട മകൻ മോഹൻെറയും അടുക്കലേക്കു് മടങ്ങണം."

"എൻെറ വീടോ? എനിക്കു വീടില്ല, സ്നേഹിത അതു് ഗൗരിക്കു് അവളുടെ അച്ഛൻ പണിയിച്ചു കൊടു ത്ത വീടാണു്. അവിടെ ഞാൻ താമസിച്ചുകൂടെന്നു് പറഞ്ഞു് അവൾ എന്നെ അടിച്ചിറക്കിയതാണു്. പിന്നെ ഞാനെങ്ങനെ അങ്ങോട്ടുപോവും?"

ഞാൻ കുറെനേരം മൗനമായിനിന്നു. ഇതിനിട യ്ക്കു് മോഹനെക്കുറിച്ചു് അയാൾ എന്തൊക്കെയോ പറ ഞ്ഞുകൊണ്ടിരുന്നു. പക്ഷെ ഗദ്ഗദംകൊണ്ടു് ഒന്നും വ്യക്തമല്ലായിരുന്നു. അയാളുടെ കണ്ണുകൾ നനഞ്ഞി രിക്കുന്നതു് ഞാൻ സൂക്ഷിച്ചു. ഒരു കാര്യം അയാളോടു പറയണമെന്നു് കുറേ നേരമായി എൻെറ നാവു

പൊടിച്ചുകൊണ്ടിരിക്കയായിരുന്നു. എന്തുകൊണ്ടോ എനിക്കു് അതേവരെയ്ക്കും കഴിഞ്ഞില്ല. ഇനിയും അവസരം കാത്തുനില്ക്കാതെ, യാതൊരു മുഖവുരയും കൂടാതെ അതങ്ങു പറകതന്നെ എന്നു് ഞാൻ നിശ്ചയിച്ചു.

“സ്നേഹിത, നിങ്ങളോടെനിക്കൊരു കാര്യം പറയാനുണ്ടു്.” അയാൾ ജിജ്ഞാസയോടെ എന്നെ തുറിച്ചുനോക്കി.

“നിങ്ങളുടെ ഭാര്യയ്ക്കു് കൂടെക്കൂടെ പ്രസവിക്കാൻ തക്ക ആരോഗ്യമില്ലെന്നു് എനിക്കു തോന്നുന്നു. കഴിഞ്ഞ ഗർഭം അലസിയതുതന്നെ അതിന്റെ ലക്ഷണമാണു്. ഗർഭധാരണത്തെയും പ്രസവത്തെയും കുറിച്ചുള്ള വലിയ ഭീതി അവളുടെ സകല പെരുമാററങ്ങളുടെയും പിന്നിലുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. അതിനാൽ..........’

“അതിനാൽ........?”

“അതിനാൽ അവളിനിയും പ്രസവിക്കില്ലെന്ന ഉറപ്പു് നിങ്ങൾ അവൾക്കു നല്കണം.”

“അതെങ്ങനെ?”

“നിങ്ങൾ കുടുംബസംവിധാനത്തെപ്പററി വായിച്ചിട്ടില്ലേ?”

“കുറെയൊക്കെ.”

“നിങ്ങൾ വാസെക്ടോമി എന്നു പറയുന്ന ഓപ്പറേഷൻ ചെയ്യിക്കണമെന്നാണെന്റെ ഉപദേശം.”

അയാൾ തെല്ലിട മൗനമായി നിന്നു. അയാൾ അക്കാര്യം ഇതേവരെ ചിന്തിച്ചിട്ടില്ലെന്നു് സമ്മതിച്ചു.

“എന്നാൽ നിങ്ങൾ നാളെത്തന്നെ അതു ചെയ്യിക്കണം. എത്രയോ ക്ലിനിക്കുകൾ ഈ നഗരത്തിൽ തന്നെ ഉണ്ടാവണം.”

അതിനെപ്പററി താൻ ക ര്യമായി ചിന്തിക്കുന്ന താണെന്നു് അയാഠം എനിക്കു് ഉറപ്പുനല്ലി. ഓപ്പറേ ഷൻ കഴിഞ്ഞു് അയാഠം ഗൗരിയുടെയും മോഹനൻെറ യും അടുക്കലേക്കു് മടങ്ങണമെന്നു് ഞാൻ ഉപദേശിച്ചു.

"നിങ്ങളെ ഇത്ര ദിവസവും കാണാഞ്ഞു് ഇപ്പോഠം ഗൗരി പശ്ചാത്തപിക്കുന്നുണ്ടാവും. നിങ്ങളെ തീർച്ച യായും അവഠം സന്തോഷത്തോടെ സ്വാഗതം ചെയ്യും. എന്നാൽ അതിന്നുമുമ്പു് ഓപ്പറേഷൻ കഴിയണം. നിങ്ങഠം വീട്ടിൽ മടങ്ങിച്ചെല്ലുമ്പോഠം നിങ്ങളുടെ മകനു് സമ്മാനിക്കാൻ കുറേ മിഠായിയും വാങ്ങിക്കൊ ണ്ടു പോകണം."

ഹൃദയത്തിൽ തിങ്ങിവിങ്ങിയ ആനന്ദത്തിൻെറ ഒളി അയാളുടെ മുഖത്തു പരക്കുന്നതു ഞാൻ സൂക്ഷിച്ചു. മിഠായി കിട്ടിയ സന്തോഷംകൊണ്ടു് മോഹനൻ അ പ്പോഠം അയാളുടെ മനക്കണ്‍മുമ്പിൽ തുള്ളിച്ചാടുന്നു ണ്ടായിരുന്നിരിക്കാം.

പലവട്ടം അയാഠം എനിക്കു് നന്ദി പറഞ്ഞു എൻെറ കൈ പിടിച്ചു കുലുക്കി യാത്രപറഞ്ഞു് അ യാഠം അവിടെനിന്നു് നടന്നു. അയാഠം നടന്നകലു ന്നതു് ഞാൻ നോക്കിനിന്നു. ഏതാണ്ടു് അരഫർലോ ങ്ങു് ദൂരം നേരേ നടന്നിട്ടും അയാഠം ഇടത്തോട്ടു തിരി ഞ്ഞു് ഒരു ഇടവഴിയിലേക്കു് കടക്കയാണെന്നു് തോ ന്നി. അപ്പോഠം ആ വശത്തെ വിളക്കുകളെല്ലാം പെട്ടെ ന്നണഞ്ഞു. അവിടം അന്ധകാരപൂർണ്ണമായി. അയാളെ ഒരു നോക്കുകൂടി കാണാമോ എന്നു് നിഷ്ഫലമായി പ്രയത്നിച്ചുകൊണ്ടു് ഞാൻ ആ ഇരുളിലേക്കു് തുറിച്ചു നോക്കി.

---

802
7181

3802
3781

# ഗോല്ക്കൊണ്ടയിൽ- ഒരു വേദനയുടെ കഥ



സരോജിനിതങ്കം